401
VOL. 17 | ISSUE 13
Pages 12

# ഹാലേലൂയ്യ

16-31 JULY, 2013 • ക്രൈസ്തവ ദ്വൈവാരിക

Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-

# 31-ാമത് മലയാളിസംഗമം സമാപിച്ചു

**ബോവസ് ചാക്കോ**

**കണക്ടിക്കട്ട്:** 31-ാമത് അമേരിക്കൻ മലയാളി പെന്തക്കോസ്തൽ കോൺഫറൻസ് സമാപിച്ചു. കണക്ടിക്കട്ട് ഹാർഫോർഡ് കൺവൻഷൻ സെന്ററിൽ ജൂലൈ 4 നാണ് അമേരിക്കൻ മലയാളി പെന്തക്കോസ്തുകാരുടെ ഐക്യ വേദിയായ പിസിനാക്ക് കോൺഫറൻസിന് തുടക്കം കുറിച്ചത്. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ആയിരങ്ങൾ പങ്കെടുത്ത പിസിനാക്ക് 31-ാമത് ഐക്യ സമ്മേളനം നാഷണൽ കൺവീനർ റവ.ഡോ.സണ്ണി ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ തോമസ് കിടങ്ങാലിൽ സങ്കീർത്തനം വായിച്ചു.

ഡോ.ബേബി വർഗീസ് (ഐ.പി.സി. ജനറൽ വൈസ് പ്രസിഡന്റ്), റവ. ഡോ.ജോയിപി ഉമ്മൻ (ന്യൂയോർക്ക് സിറ്റി പ്രയർ ഫെലോഷിപ്പ് കോർഡിനേറ്റർ), പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉമ്മൻ (ഫ്ളോറിഡ), റവ.ഷാജി ഡാനിയേൽ (ടെക്സാസ്), പാസ്റ്റർ തോമസ് മാത്യു (മുൻ പിസിനാക്ക് കൺവീനർ), പാസ്റ്റർ ജോൺ തോമസ് (ഹൂസ്റ്റൺ), പാസ്റ്റർ ഈശോ ഫിലിപ്പ് (മുൻ പിസിനാക്ക് കൺവീനർ) തുടങ്ങി പ്രമുഖരായ ദൈവദാസന്മാർ പങ്കെടുത്തു. 2000-ൽ പരം രജിസ്ട്രേഷൻ ലഭിച്ചത് സംഘാടകരെ അത്ഭുതപ്പെടുത്തി. വ്യാഴാഴ്ചയുടെ തുടക്കം തന്നെ റൂമും ഫുഡും തീർന്നതിനാൽ ആവശ്യക്കാർക്ക് മറ്റുള്ള ഹോട്ടലുകൾ എടുക്കേണ്ടതായി വന്നു. പാസ്റ്റർ ജോൺ തോമസ് (ന്യൂയോർക്ക്), പാസ്റ്റർ ജോൺ തോമസ് (ഹൂസ്റ്റൺ), പാസ്റ്റർ ഷാജി ഡാനിയേൽ (ഡാളസ്), പാസ്റ്റർ തോമസ് മാത്യു (ഒക്കലഹോമ) എന്നിവർ രാത്രി മീറ്റിംഗുകളിലും, പാസ്റ്റർ ഈശോ ഫിലിപ്പ്, പാസ്റ്റർ സാം സി സാമുവേൽ, പാസ്റ്റർ സാമുവേൽ അലക്സാണ്ടർ, പാസ്റ്റർ ജയിംസ് ഏബ്രഹാം, പാസ്റ്റർ വില്ലി ഏബ്രഹാം, ഡോ.രാജൻ ജോർജ്ജ്, സിസ്റ്റർ സൂസി വർഗീസ് എന്നിവർ പകൽ നടന്ന വിവിധ സെക്ഷനുകളിൽ അധ്യക്ഷത വഹിച്ചു.



*തിരുവത്താഴ ശുശ്രൂഷയ്ക്ക് റവ.ഡോ.ബേബി വർഗീസ് നേതൃത്വം നൽകുന്നു*

റവ.റ്റോബി മൊണ്ട് ഗോമറി, റവ.ആർ.ഏബ്രഹാം, റവ.സാക്ക് പുന്നൻ, റവ.സാം ചെല്ലദുരൈ, റവ.നോബിൾ പി. തോമസ് സിസ്റ്റർ പത്മ മുതലിയാർ എന്നിവർ വിവിധ മീറ്റിംഗുകളിൽ പ്രസംഗകരായിരുന്നു.റവ.ജയിംസ് ജോർജ്ജ് ഉമ്മൻ, റവ. ജിജി പോൾ എന്നിവർ പരിഭാഷപ്പെടുത്തി. ന്യൂയോർക്ക്, കണക്ടിക്കട്ട്, പെൻസിൽ വേനിയ, ടെന്നസി, വെർജീനിയ എന്നി സ്ഥലങ്ങളിലെ യുവ ജനങ്ങൾ വിവിധ മീറ്റിംഗുകളിൽ ഗാനങ്ങൾ ആലപിച്ചു. മുഖ്യഗായകനായ ബിനു കുമ്പനാടിന്റെ ശ്രുതിമധുരമായ ആലാപനം ഹൃദ്യതയുണർത്തി. ബിനു വടശ്ശേരിക്കരയും, അനിൽ ഇലന്തൂരും എക്സൽ വി.ബി.എസിന്റെ ഭാഗമായി കുട്ടികൾക്ക് വേണ്ടി നടത്തിയ പരിപാടികൾ വൻ വിജയമായിരുന്നു. യുവജനങ്ങൾക്ക് വേണ്ടി ക്രമീകരിച്ചിരുന്ന മീറ്റിംഗുകൾ, സ്പോർട്ട്സ് തുടങ്ങിയവ വൻവിജയമായിത്തീർന്നു. നേഴ്സുമാരെ ആദരിക്കുകയും പിസിനാക്കിന്റെ വകയായി ഗിഫ്റ്റുകൾ നല്കുകയും ചെയ്തത് നേഴ്സസ് സമ്മേളനത്തിന്റെ വിജയമായി. ഗുഡ്ന്യൂസ്, ഹാല്ലേലുയ്യ, മരുപ്പച്ച, ക്രൈസ്തവ ചിന്ത, ബിലീവേഴ്സ് ജേണൽ, സുഭാഷിതം, ഉത്തമസ്ത്രി, കേരള എക്സ്പ്രസ് എന്നീ മീഡീയകളുടെ സ്റ്റോളുകൾ പ്രവർത്തിച്ചു. മലയാളി പെന്തക്കോസ്തുകാരുടെ ഏക ചാനലായ പവ്വർ വിഷൻ ചാനലിന്റെ ടീമും പ്രവർത്തിക്കുന്നുണ്ടായിരുന്നു.

പാസ്റ്റർ എ.സി.ഉമ്മന്റെ പ്രാർഥനയോടെ ആരംഭിച്ച ആരാധനക്ക് തിരുവത്താഴ ശുശ്രൂഷ റവ.ഡോ.ബേബി വർഗീസ് നേതൃത്വം നല്കി. പാസ്റ്റർ സണ്ണി താഴമ്പള്ളത്ത് സങ്കീർത്തനം വായിച്ചു. റവ.ഡോ.സണ്ണി ഫിലിപ്പ് പ്രസംഗിച്ചു. ബിനു വടശ്ശേരിക്കര, സംകുട്ടി ചാക്കോ എന്നിവർ ആശംസകൾ അറിയിച്ചു. നാഷണൽ സെക്രട്ടറി രാജൻ ആര്യപ്പള്ളിൽ നന്ദി അറിയിച്ചു. സാമ്പത്തീക ഭാരങ്ങളില്ലാതെ അനുഗ്രഹകരമായി ഈ കോൺഫറൻസ് നടന്നതിൽ ഭാരവാഹികളും പ്രതിനിധികളും ദൈവത്തിന് നന്ദി പറഞ്ഞു.

റവ. ഡോ.സണ്ണി ഫിലിപ്പ്, ബ്രദർ രാജൻ ആര്യപ്പള്ളിൽ, ബ്രദർ ജോയിസ് പി. മാത്യൂസ്, ബ്രദർ ആശിഷ് ജേക്കബ് എന്നിവരായിരുന്നു 31-ാത് കോൺഫറൻസിന് സാരഥ്യം വഹിച്ചത്. 32-ാമത് കോൺഫറൻസ് നടക്കുന്ന ഡിട്രോയിറ്റിലേക്ക് യൂത്ത് കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജെയിം ജോൺ എല്ലാവരേയും ക്ഷണിച്ചു.

## വാൾട്ടർ മസി കഥ പറയുന്നു;
### ഒരു ടെലിവിഷൻ ദൃശ്യത്തിന്റെ കഥ



*വാൾട്ടർ മസിയും കുടുംബവും*

**2007** ഏപ്രിൽ 27 പ്രമുഖ ന്യൂസ് ചാനലായ ആജ്തക്ക് ടിവിയിൽ ലൈവ് ടെലികാസ്റ്റിംഗായി ഒരു മർദ്ദനത്തിന്റെ ദൃശ്യങ്ങൾ വന്നു. രാജസ്ഥാനിലെ ജയ്പ്പൂരിൽ മസിഹി സംഗ്തി എന്ന പെന്തെക്കോസ്ത് സഭയിൽ ശുശ്രൂഷകനെ 16 പേരടങ്ങുന്ന അക്രമി സംഘം ഇരുമ്പുവടി ഉപയോഗിച്ച് മർദ്ദിക്കുന്നതിന്റെ ദൃശ്യമായിരുന്നു അത്. ഇന്ത്യ മുഴുവൻ ലൈവായി കണ്ട ആ സുവിശേഷ പീഡനത്തിന്റെ ഇര പാസ്റ്റർ വാൾട്ടർ മസ്സി ഇന്നും അതേ സ്ഥലത്ത് ശക്തമായി പ്രവർത്തിക്കുന്നു. പാസ്റ്റർ വാൾട്ടർ മസ്സി കുടുംബമായി കുമ്പനാട്ടു വന്നു. തങ്ങളുടെ ആത്മീയ പിതാവായ പാസ്റ്റർ ജേക്കബ് ജോണിനോടൊപ്പം ചില ദിവസങ്ങൾ ഉപവാസമെടുക്കുന്നതിനാണ് അവർ കുമ്പനാട്ടെത്തിയത്.2007-ലെ സംഭവങ്ങൾ പാസ്റ്റർ മസ്സി ഹാലേലൂയ്യായോട് പങ്കുവച്ചത്: "ഞായറാഴ്ച ആരാധന കഴിഞ്ഞ് വിശ്വാസികൾ എല്ലാവരും മടങ്ങി. ഞാനും പോകുവാൻ തയ്യാറെടുക്കുകയായിരുന്നു. അപ്പോൾ രണ്ടുപേരെത്തി കതകിന് മുട്ടി. ഞാനവരെ അകത്തേക്ക് ക്ഷണിച്ചു. അവർ യേശുവിനെക്കുറിച്ച് കേൾക്കുവാനാണ് വന്നതെന്ന് പറഞ്ഞു. അവരോട് ഞാൻ സുവിശേഷം പറഞ്ഞുതുടങ്ങി. അൽപ്പ നേരം കഴിഞ്ഞപ്പോൾ അവരിലൊരാൾ പുറത്തേക്ക് നോക്കി ആംഗ്യം കാണിച്ചു. പിന്നെ കാണുന്നത് മുഖം മറച്ച് ഒരു കൂട്ടം ചെറുപ്പക്കാർ അകത്തേക്ക് ഇരച്ചു കയറുന്നതാണ്. കുറുവടിയും ഇരുമ്പുവടിയും കൊണ്ട് അവരെന്നെ മൃഗീയമായി അടിച്ചു. ഞാൻ അന്യഭാഷയിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് നിലത്തു വീണു. നിന്റെ യേശു നിന്നെ രക്ഷിക്കുമോ എന്നലറിക്കൊണ്ടായിരുന്നു മർദ്ദനം.

ഈ സമയത്ത് ആജ്തക്ക് ടി.വിക്കാർ അപ്രതീക്ഷിതമായി അവിടെയെത്തി. തൊട്ടടുത്ത് ഒരു പ്രോഗ്രാം ഷൂട്ട് ചെയ്യാനെത്തിയതായിരുന്നു അവർ. ബഹളം കേട്ട് അവർ ക്യാമറയുമായി ഓടിവന്നതാണ്. എന്നെ മർദ്ദിക്കുന്ന രംഗങ്ങൾ അവർ ഷൂട്ടു ചെയ്തു. ടി.വിക്കാരെ കണ്ടതുകൊണ്ട് അക്രമികൾ നാലുപാടും ഓടി രക്ഷപെട്ടു. ഒരു പക്ഷേ ടി.വിക്കാർ വന്നില്ലായിരുന്നു എങ്കിൽ ഞാനന്നു കൊല്ലപ്പെട്ടേനേ. വാർത്തക്ക് വൻ ശ്രദ്ധ ലഭിച്ചതോടെ പോലീസ് ഉണർന്നു. 16 ബജ്രംഗ്ദൾ പ്രവർത്തകരെ അറസ്റ്റു ചെയ്തു.

പഞ്ചാബിലെ ഗുരുദാസ്പൂർ ഡിസ്ട്രിക്ടിൽ ജനിച്ചു വളർന്ന വാൾട്ടർ മസ്സി 16-ാം വയസ്സിലാണ് രക്ഷിക്കപ്പെടുന്നത്. മെഥഡിസ്റ്റ് സഭാംഗങ്ങളായിരുന്നെങ്കിലും യഥാർത്ഥ ക്രിസ്തീയ അനുഭവമുണ്ടായത് 21 ദിവസ പ്രാർത്ഥനയിൽ പങ്കെടുത്തതിലൂടെയാണ്. അങ്ങനെ സുവിശേഷവേലക്കായി സമർപ്പിച്ചു. 1987-ൽ രാജസ്ഥാനെക്കുറിച്ച് പ്രത്യേക ദർശനം ലഭിച്ചതിനാലാണ് ജയ്പ്പൂരിലെത്തി പ്രവർത്തനം ആരംഭിച്ചത്. ഇന്നും ശക്തിയോടെ പ്രവർത്തനങ്ങൾ തുടരുന്നു.

ഭാര്യ മധുവും ഏഴാം ക്ലാസിൽ പഠിക്കുന്ന മകൾ ഹെബ്സിബയുമായി കുമ്പനാട്ടെത്തിയതും ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്തതും വലിയ അനുഗ്രഹമായെന്ന സാക്ഷ്യത്തോടെ ഈ മിഷനറി കുടുംബം ജയ്പ്പൂരിലേക്ക് മടങ്ങി. പ്രശസ്ത പഞ്ചാബി ഗായകനും പാസ്റ്ററുമായ പാസ്റ്റർ എറിക് മസ്സിയുടെ സഹോദരനാണ് വാൾട്ടർ.

## അജിഫ്നാ കോൺഫ്രൻസ് ഈ ആഴ്ചയിൽ

**ന്യൂയോർക്ക്:** അമേരിക്കയിലെ അസംബ്ലീസ് ഓഫ് ഗോഡ് മലയാളം സഭകളുടെ 17-ാമത് ഫാമിലി കോൺഫ്രൻസ് ഈ ആഴ്ചയിൽ നടക്കുന്നു. കണക്ടിക്കട്ട് കൺവൻഷൻ സെന്ററിൽ ജൂലൈ 18-21 വരെയാണ് കോൺഫ്രൻസ് നടക്കുന്നത്. പാസ്റ്റർ ചെറി ബെയ്റ്റ്, റ്റിനു ജോർജ്ജ്, ജൂലിയസ് സുബി, ബിനോയ് ഏബ്രഹാം എന്നിവർ മുഖ്യ അതിഥിപ്രസംഗകരായി പങ്കെടുക്കും. റവ.ഡോ.കോശി വൈദ്യൻ, ഡോ.സജി ഏബ്രഹാം, റവ.കെ.പി.ജോൺ, റവ.തോമസ് യോഹന്നാൻ എന്നിവർ സെമിനാറുകൾക്ക് നേതൃത്വം നല്കും.




*റവ. ജോർജ്ജ് പി. ചാക്കോ, ജോൺസൺ ഗീവർഗീസ്*

റവ.ജോർജ്ജ് പി.ചാക്കോ നാഷണൽ കൺവീനറായും, റവ.തോമസ് ഏബ്രഹാം വൈസ് പ്രസിഡന്റായും, ജോമോൻ ഗീവർഗീസ് നാഷണൽ സെക്രട്ടറിയായും, ജോർജ്ജ് റ്റി.ചാക്കോ നാഷണൽ ട്രഷറാറായും, റവ.ജോർജ്ജ് തോമസ് ജോയിന്റ് സെക്രട്ടറിയായും, ഫിലിപ്പ് ദാനിയേൽ പബ്ലിസിറ്റി കൺവീനറായും കോൺഫ്രൻസിന് നേതൃത്വം നൽകുന്നു. സാം മാത്യു, റജി ഇമ്മാനുവേൽ എന്നിവരുടെ നേതൃത്വത്തിൽ സംഗീത ശുശ്രൂഷ നടക്കും. യുവജനങ്ങൾക്കും കുട്ടികൾക്കും പ്രത്യേക സെഷനുകൾ ഉണ്ടായിരിക്കും. "ഞാൻ എന്റെ സഭയെ പണിയും"(മത്തായി 16:18) എന്നതാണ് കോൺഫ്രൻസ് ചിന്താവിഷയം.

## പാസ്റ്റർ ജേക്കബ് ജോൺ അമേരിക്കയിൽ

**ന്യൂയോർക്ക്:** ഐ.പി.സിജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ അമേരിക്കൻ സന്ദർശനം ആരംഭിച്ചു. ജൂലൈ 11-ന് ന്യുയോർക്ക് കെന്നഡി എയർപോർട്ടിലെത്തിയ അദ്ദേഹത്തെ ഐ.പി.സി. ഈസ്റ്റേൺ റീജിയൻ പ്രസിഡന്റ് റവഫിലിപ്പ് ഫിലിപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു.

ന്യൂയോർക്കിൽ റീജിയന്റെ നേതൃത്വത്തിലും വിവിധ ഐ.പി.സി.സഭകളിലും പാസ്റ്റർ ജേക്കബ് ജോണിന് സ്വീകരണം നൽകും.

പ്രസിഡന്റായ ശേഷം ആദ്യമായാണ് അദ്ദേഹം അമേരിക്കയിൽ സന്ദർശനം നടത്തുന്നത്. യുഎഇയിലെ സന്ദർശനശേഷമാണ് അദ്ദേഹം അമേരിക്കയിലെത്തിയത്.



*ന്യുയോർക്കിൽ കെന്നഡി എയർപോർട്ടിൽ പാസ്റ്റർ ജേക്കബ് ജോണിനു നൽകിയ സ്വീകരണം*

ഐ.പി.സി. ആസ്ഥാനത്ത് നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി യു.എ.ഇയിൽ നിന്ന് മൂന്നു കോടിയോളം രൂപയുടെ സംഭാവനകൾ തന്റെ സന്ദർശനത്തിലൂടെ ലഭിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. അമേരിക്കയിലെ ഐ.പി.സി.സഭകളിൽ സന്ദർശനം നടത്തുന്ന ജനറൽ പ്രസിഡന്റ് സഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ശേഖരണവും നടത്തും.

# നിന്റെ ദൈവത്തെ എതിരേൽക്കുവാൻ ഒരുങ്ങിക്കൊൾക!

**ഉപമയും ഉൾക്കാഴ്ചയും**

**കെ. എസ്. ഏബ്രഹാം – കടുത്തുരുത്തി**



ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ സുവിശേഷതൽപ്പരരായ ചില യൗവ്വനക്കാർ ചേർന്ന് ബ്രിട്ടനിൽ ഒരു ട്രാക്ട് സൊസൈറ്റി ആരംഭിച്ചു. സമൂഹത്തിന്റെ നാനാതുറകളിൽ സ്വാധീനമുള്ള ഉന്നതരായ വ്യക്തികളെ സുവിശേഷീകരിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അങ്ങനെയുള്ളവരോട് നേരിട്ടു സുവിശേഷം പങ്കുവയ്ക്കുവാൻ സുവിശേഷകർക്ക് അവസരം ലഭിക്കാറില്ല, അഥവാ ലഭിച്ചാലും അതിനു ധൈര്യമുള്ളവർ ചുരുക്കവുമായിരിക്കും. ഈ സാഹചര്യത്തിലാണ് അക്ഷരങ്ങളിലൂടെ ആ ആത്മാക്കളെ നേടുവാനുള്ള ആത്മഭാരവുമായി ചില യൗവ്വനക്കാർ മുമ്പോട്ടുവന്നത്.

ട്രാക്ട് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ തികെച്ചും അജ്ഞാതമായിരിക്കണമെന്ന് അവർ ആദ്യമേ തീരുമാനിച്ചു. തങ്ങളുടെ ലക്ഷ്യം സമൂഹത്തിലെ ഉന്നത ശ്രേണിയിലുള്ള വ്യക്തികളാകയാൽ തങ്ങൾ തയ്യാറാക്കുന്ന ട്രാക്ടുകൾ അവരിൽ ദൈവഭയം ഉളവാക്കുന്നതും മാനസ്സാന്തരത്തിലേക്കു നയിക്കുവാൻ പര്യാപ്തവുമായ സന്ദേശങ്ങളായിക്കണമെന്ന് അവർ നിശ്ചയിച്ചു. മാത്രമല്ല, ട്രാക്ടുകൾ അയച്ചത് ആരെന്ന് ആരും അറിയാതിരിക്കുവാൻ ഒരു പ്രത്യേക തന്ത്രം തന്നെ അവർ ആവിഷ്ക്കരിച്ചു. തങ്ങൾ ലക്ഷ്യമിട്ട വ്യക്തികളുടെ ഭവനങ്ങളിലേക്ക് ട്രാക്ടുകൾ ഊമക്കത്തുപോലെ അയയ്ക്കുക. കവറുകളെല്ലാം ഒരു പോസ്റ്റാഫീസിൽ നിന്നുതന്നെ അയയ്ക്കാതെ പല പോസ്റ്റോഫീസുകളിൽ നിന്നും അയയ്ക്കുവാൻ അവർ ശ്രദ്ധിച്ചിരുന്നു. ചുരുക്കത്തിൽ എങ്ങനെയെല്ലാം ശ്രമിച്ചാലും ആരാണ് ആ ട്രാക്ടുകൾ അയച്ചതെന്നറിയുവാൻ കഴിഞ്ഞിരുന്നില്ല.

ഉന്നതരുടെ ഉറക്കം കെടുത്തുന്ന സന്ദേശങ്ങൾ ഓരോ ദിവസവും അവർക്ക് ലഭിക്കുവാൻ തുടങ്ങി. ആ ട്രാക്ടുകളുടെ കൂട്ടത്തിൽ, നിന്റെ ദൈവത്തെ എതിരേൽക്കുവാൻ ഒരുങ്ങിക്കൊൾക! എന്ന ട്രാക്ട് വായനക്കാരെ ഏറെ ഭയപ്പെടുത്തുന്നതായിരുന്നു. മനുഷ്യന്റെ സകലരഹസ്യങ്ങളെയും പരസ്യമായി ന്യായംവിധിക്കുകയും മാനസ്സാന്തരപ്പെടാത്ത സകല പാപികളെയും നിത്യനരകത്തിലേക്ക് തള്ളിയിടുകയും ചെയ്യുന്ന അത്യുന്നതനായ ന്യായാധിപന്റെ അന്ത്യന്യായവിധിയുടെ സന്ദേശം അവഗണിക്കുവാൻ ഈ ഭൂമിയിലുള്ള ഏത് ഉന്നതനാണ് ത്രാണിയുള്ളത്?

ഒരിക്കൽ, ദൈവഭയം ലവലേശമില്ലാത്ത ബില്ലി മാർക്കിന്റെ ഭവനത്തിൽ നിന്റെ ദൈവത്തെ എതിരേൽക്കുവാൻ ഒരുങ്ങിക്കൊൾക! എന്ന സന്ദേശം എത്തി. ശൈത്യകാലമാകയാൽ ചിമ്മിനിയിൽ തീകത്തിച്ച് കുടുംബാംഗങ്ങളെല്ലാം തീകാഞ്ഞിരിക്കുമ്പോളാണ് പോസ്റ്റുമാൻ ആ സന്ദേശമടങ്ങിയ കവർ കൊണ്ടുവന്നത്. കവറിലെ സന്ദേശം വായിച്ച ദൈവനിഷേധിയായ ബില്ലി ആ ട്രാക്ട് തിരിച്ചും മറിച്ചും നോക്കി അത് അയച്ചതാരാണെന്നറിയാൻ. അയച്ചവനെ അപ്പോൾ കൈയ്യിൽ കിട്ടിയിരുന്നെങ്കിൽ അയാളെ അരച്ചുകുടിക്കുവാനുള്ള അരിശം അയാൾക്കുണ്ടായി. അവസാനം, ചിമ്മിനിയിൽ ആളിക്കൊണ്ടിരുന്ന തീയിലേക്ക് ആ സന്ദേശം വലിച്ചെറിയുവാൻ ബില്ലി ആഞ്ഞു. പെട്ടെന്ന് അയാൾ ചിന്തിച്ചു, വേണ്ട! തനിക്കു വളരെ വിരോധമുള്ള ഒരാളുണ്ട്, ജോൺ ബ്രൗൺ, അദ്ദേഹത്തെ ഒന്നു കളിയാക്കുവാൻ ഇതിലും നല്ല അവസരമില്ലെന്നു ചിന്തിച്ചുകൊണ്ട് തനിക്കുലഭിച്ചതുപോലെ തന്നെ ഊമക്കത്തായി അയാൾ ആ സന്ദേശം ബ്രൗണിനു പോസ്റ്റ് ചെയ്തു!

ആ സന്ദേശം വായിച്ച ബ്രൗൺ ദൈവഭയമുള്ളവനായി മാറി! മാനസാന്തരപ്പെട്ട അയാൾ ഒരു മെതഡിസ്റ്റു സഭയിൽ അംഗമായി. തന്നെ മാനസ്സാന്തരപ്പെടുത്തിയ ആ ട്രാക്ട് ബ്രൗൺ കുറേക്കാലം തന്റെ ബൈബിളിൽ ഒരു നിധിപോലെ സൂക്ഷിച്ചു. ചിലവർഷങ്ങൾ കഴിഞ്ഞപ്പോൾ ബ്രൗൺ ചിന്തിച്ചു: ഞാൻ എന്തിനാണ് ഈ ട്രാക്ട് ബൈബിളിൽ സൂക്ഷിക്കുന്നത്, ഇത് ആരെങ്കിലും വായിച്ചാൽ ഒരു പക്ഷേ അത് അവർക്ക് മാനസ്സാന്തരപ്പെടുവാനുള്ള മാർഗ്ഗമാവില്ലേ? ഇങ്ങനെ ചിന്തിച്ചുകൊണ്ട് അദ്ദേഹം തന്നെ ശത്രുവായി കരുതുന്ന ബില്ലി മാർക്കിന് അതയച്ചുകൊടുത്തു! കൂടെ ഒരു കത്തും അദ്ദേഹം എഴുതി, അത് തന്റെ മാനസ്സാന്തര കഥയായിരുന്നു!! ബില്ലിയോട് താൻ ചെയ്തിട്ടുള്ള തെറ്റുകൾ ക്ഷമിക്കണമെന്ന് അതിൽ പ്രത്യേകം എഴുതിയിട്ടുണ്ടായിരുന്നു.

ബില്ലിയുടെ ഭവനത്തിൽ ബ്രൗണിന്റെ കത്തും ട്രാക്ടും വന്നപ്പോൾ അദ്ദേഹത്തിന് അത് വിശ്വസിക്കുവാൻ കഴിഞ്ഞില്ല! താൻ വർഷങ്ങൾക്കു മുമ്പയച്ച അജ്ഞാത സന്ദേശം തന്റെ ശത്രുവിൽ വരുത്തിയ രൂപാന്തരം അദ്ദേഹത്തിന് ചിന്താവിഷയമായി. നിന്റെ ദൈവത്തെ എതിരേൽക്കുവാൻ ഒരുങ്ങിക്കൊൾക! എന്ന സന്ദേശം ബ്രൗൺ അയച്ചതായല്ല, ദൈവം തനിക്കു നേരിട്ടയച്ചതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. ബില്ലി പിന്നെ താമസിച്ചില്ല, തന്റെ പാപങ്ങൾ ദൈവത്തോട് ഏറ്റുപറഞ്ഞ് അദ്ദേഹവും മാനസ്സാന്തര ജീവിതത്തിന് ഉടമയായി. സുഹൃത്തുക്കളേ, നിങ്ങളുടെ ഭവനങ്ങളിൽ ട്രാക്ടുകൾ കെട്ടിക്കിടക്കുന്നുണ്ടോ? ചിലർ ആവേശത്തോടെ ട്രാക്ടുകൾ വിതരണം ചെയ്യാനായി ശേഖരിക്കാറുണ്ട് പക്ഷേ, ഷെൽഫിൽ പൊടിപിടിച്ചിരിക്കുകയാവും. അത് അനേകരുടെ മാനസാന്തരത്തിനുള്ള ദൈവിക സന്ദേശമാണെന്ന് മനസ്സിലാക്കാൻ ഈ കഥ നിങ്ങളെ ഇടയാക്കിയെങ്കിൽ!

നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിയുക; ഏറിയനാൾ കഴിഞ്ഞിട്ട് നിനക്ക് അതു കിട്ടും.. കാറ്റിനെ വിചാരിക്കുന്നവൻ വിതയ്ക്കുകയില്ല; മേഘങ്ങളെ നോക്കുന്നവൻ കൊയ്യുകയുമില്ല. കാറ്റിന്റെ ഗതി എങ്ങോട്ടെന്നും ഗർഭിണിയുടെ ഉദരത്തിൽ അസ്ഥികൾ ഉരുവായ്വരുന്നത് എങ്ങനെ എന്നും നീ അറിയാത്തതുപോലെ സകലവും ഉണ്ടാക്കുന്ന ദൈവത്തിന്റെ പ്രവൃത്തികളെ നീ അറിയുന്നില്ല. രാവിലെ നിന്റെ വിത്തു വിതയ്ക്കുക; വൈകുന്നേരത്തു നിന്റെ കൈ ഇളെച്ചിരിക്കരുത്; ഇതോ, അതോ, ഏതു സഫലമാകും എന്നും രണ്ടും ഒരുപോലെ നന്നായിരിക്കുമോ എന്നും നീ അറിയുന്നില്ലല്ലോ. (സഭാപ്രസംഗി 11).

## ഐക്യസമ്മേളനം

**ചങ്ങനാശ്ശേരി:** യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഐക്യസമ്മേളനവും എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്കുള്ള സമ്മാനദാനവും ജൂലൈ 21-ന് ഐ.ജി.സി. ഹാളിൽ നടക്കും. സുവി.പി.ഐ.ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തും. പാസ്റ്റർ സണ്ണി സഖറിയാ സമ്മാനദാനം നിർവ്വഹിക്കും.

## ആലയപ്രതിഷ്ഠ

**തിരുവഞ്ചൂർ:** ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് തിരുവഞ്ചൂർ പുതിയ ആരാധനാലയ പ്രതിഷ്ഠ ജൂലൈ 20-ന് പ്രസിഡന്റ് റവ.തോമസ് ഫിലിപ്പ് നിർവ്വഹിക്കും. തുടർന്ന് നടക്കുന്ന മാസയോഗത്തിൽ ഡോക്ടർ ജെയ്സൺ തോമസ്, പാസ്റ്റർമാരായ ഷാജി സി.ഡി, വി.സി.യോഹന്നാൻ, സുനിൽ വേട്ടമല, കെ.സി.മത്തായി, ചാക്കോ മത്തായി, ഷാജി ജോസഫ്, ബേബി മാടശ്ശേരിൽ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ രാജൻ സി, എം.എ. കുഞ്ഞുമോൻ എന്നിവർ നേതൃത്വം നൽകും.

## ഭാരവാഹികൾ



ജസ്റ്റിൻ രാജ്



പാ. ഷാജി വർഗീസ്

**ആലപ്പുഴ:** പി.വൈ.പി.എ.ആലപ്പുഴ സോൺ ഭാരവാഹികളായി ജസ്റ്റിൻ രാജ് (പ്രസിഡന്റ്), മാത്യു വർഗീസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഷാജി വർഗീസ് (സെക്രട്ടറി), പാസ്റ്റർ അജയ് മാത്യൂസ് (ജോ.സെക്രട്ടറി), ബ്ലസൻ ഉമ്മൻ (ട്രഷറാർ), ഗിൽബർട്ട് സാമുവേൽ (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

## കൺവൻഷൻ തടഞ്ഞു

**ചിറയിൻകീഴ്:** രഹബോത്ത് ഗോസ്പൽ മിനിസ്ട്രീസ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ജൂൺ 24–26 വരെ കൺവൻഷൻ ക്രമീകരിക്കപ്പെട്ടിരുന്നു. എന്നാൽ ഒന്നാം ദിവസം തന്നെ സുവിശേഷവിരോധികൾ കൺവൻഷൻ ഗ്രൗണ്ടിലേക്ക് അതിക്രമിച്ചു കടന്ന് ഗേറ്റും വേലിയും വൃക്ഷങ്ങളും വെട്ടി നശിപ്പിച്ചു. പാസ്റ്റർ കുമാറിന്റെ മാതാവിനെ മർദ്ദിച്ചവശയാക്കുകയും വിശ്വാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്തു.

തിരുവനന്തപുരം ജില്ലയിലെ അഴൂർ പഞ്ചായത്തിൽപ്പെടുന്ന ഈ സ്ഥലത്ത് മറ്റു പ്രവർത്തനങ്ങളോ ആരാധനയോ ഇല്ല. ഇവിടെ നടന്ന ഒരു പരസ്യ യോഗത്തിലും സുവിശേഷവിരോധികൾ പാസ്റ്റർമാരേയും വിശ്വാസികളേയും മർദ്ദിക്കുകയും, ബൈബിളുകളും ലഘുലേഖകളും കീറിക്കളഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു.

## എച്ച്.എം.ഐ. യൂണിറ്റ് വാർഷികം

**ഷൊർണ്ണൂർ:** എച്ച്.എം.ഐ.ഷൊർണ്ണൂർ യൂണിറ്റ് 3-ാത് വാർഷികവും പഠനോപകരണ വിതരണവും പി.വി.സാജൻ പൂമലയുടെ അധ്യക്ഷതയിൽ നടന്നു. ഇവാ.സാമുവേൽ ആനയടി, പാസ്റ്റർ സത്യൻ, പാസ്റ്റർ സുനിൽ, ഇവാ. ലോനപ്പൻ, പാസ്റ്റർ രാജു, സുകുമാരൻ എന്നിവർ നേതൃത്വം നൽകി.

## സുവിശേഷകനും കുടുംബത്തിനും മർദ്ദനമേറ്റു

**തൊടുപുഴ:** തെക്കുംമലക്കവല സ്വതന്ത്ര സഭാ ശുശ്രൂഷകനായ പാസ്റ്റർ കെ.ജെ.ആന്റണിക്കും ഭാര്യ ഉഷക്കും സുവിശേഷവിരോധികളുടെ മർദ്ദനമേറ്റു. ഒരു ഭവനത്തിൽ ക്ഷണിക്കപ്പെട്ടതനുസരിച്ച് സന്ദർശനം നടത്തി മടങ്ങുമ്പോൾ പതിനഞ്ചോളം വരുന്ന അക്രമി സംഘം ഇവരെ അരക്കിലോ മീറ്ററോളം റോഡിലൂടെ വലിച്ചിഴച്ച് ക്രൂരമായി മർദ്ദിക്കുകയായിരുന്നു. പാസ്റ്ററെ നെഞ്ചിന് ചവിട്ടിയും തൊഴിച്ചും മൃതപ്രായനാക്കി. ഭാര്യയെ ചെകിട്ടത്തടിച്ചും പട്ടികക്കഷണം കൊണ്ട് മുതുകിനടിച്ചും പരിക്കേല്പ്പിക്കയും, ബാഗിലുണ്ടായിരുന്ന ബൈബിൾ കീറി എറിയുകയും ചെയ്തു. ഇവരിരുവരും തൊടുപുഴയിൽ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. പി.സി.ഐ., നാഷണൽ യുണൈറ്റഡ് ക്രിസ്ത്യൻ ഫ്രണ്ട് എന്നിവർ പ്രതിഷേധിച്ചു. പാസ്റ്റർ കെ.ജി.തോമസ്, പി.വൈ.പി.എ. സംസ്ഥാന കമ്മറ്റി അംഗം സഞ്ചു ഏബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ പോലീസ് നടപടികൾ സ്വീകരിച്ചു.

## അർദ്ധവാർഷിക പരീക്ഷ

**തിരുവനന്തപുരം:** ഐ.പി.സി.സൺഡേസ്കൂൾസ് അസോസിയേഷൻ തിരുവനന്തപുരം മേഖലയിലുള്ള 200-ലധികം പ്രാദേശിക സൺഡേസ്കൂളുടെ അർദ്ധവാർഷിക പരീക്ഷ ആഗസ്റ്റ് 11-ന് അതാത് സൺഡേസ്കൂളിൽ നടക്കും. ഫോൺ: 9446700206

## ഉപവാസ പ്രാർത്ഥന

**ചെറുവക്കൽ:** ഐ.പി.സി.വേങ്ങൂർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂൺ 17–18 വരെ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർ കെ.ഷാജി, പാസ്റ്റർ കെ.ബെന്നി, പാസ്റ്റർ തോമസ് ജോൺ, പാസ്റ്റർ ടിജോ ജോർജ്ജ് എന്നിവർ ശുശ്രൂഷിച്ചു.

## www.Gods Own Language.com

മലയാളത്തിൽ ലഭ്യമായിരിക്കുന്ന വിവിധ ക്രൈസ്തവ റിസോഴ്സുകൾ ഒരു കുടക്കീഴിൽ സൗജന്യമായി ലഭ്യമാക്കുന്ന വെബ്സൈറ്റാണ് www.Gods Own Language.com. ക്രിസ്തീയ പുസ്തകങ്ങൾ, മാസികകൾ, ട്രാക്റ്റുകൾ, ഓൺലൈൻ മലയാളം ബൈബിൾ, പി.ഡി.എഫ് മലയാളം ബൈബിൾ, ഗാനങ്ങൾ, പാട്ടുപുസ്തകങ്ങൾ, ബൈബിൾ കഥകൾ (ഓഡിയോ/വിഡിയോ) ക്രിസ്തീയ ഓൺലൈൻ റേഡിയോകൾ, ലൈവ് ടിവികൾ, ബൈബിൾ സോഫ്റ്റ്വെയറുകൾ എന്നിവ ലഭ്യമാണ്. സൗജന്യമായി ഡൗൺലോഡ് ചെയ്യുവാനും നിങ്ങളുടെ കൃതികൾ സൗജന്യമായി ഓൺലൈനിൽ പ്രസിദ്ധീകരിക്കുവാനും ഇതിൽ സൗകര്യമുണ്ട്.
www.godsownlanguage.com

## ഭാരവാഹികൾ

**ആറ്റിങ്ങൽ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ആറ്റിങ്ങൽ സെന്റർ ഭാരവാഹികളായി പാസ്റ്റർ എച്ച് അഗസ്റ്റിൻ (പ്രസിഡന്റ്), പാസ്റ്റർ ബിനോജ് ബേബി (വൈസ് പ്രസിഡന്റ്), പാസ്റ്റർ മാത്യു ആന്റോ (സെക്രട്ടറി), പാസ്റ്റർ വിത്സൻ ഹെൻട്രി & റ്റി.കെ.രഘു (ജോ.സെക്രട്ടറി), ഡി.ജോഷ്വാ (ട്രഷറാർ) എന്നിവരെ തിരഞ്ഞെടുത്തു.


## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി

(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ

ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ

എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



**പാസ്റ്റർ റോയി പൂവക്കാല**

ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി

Ph: 9447401039 0469-2692939

## PRAYER CELL

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com


## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലൂയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# മലയാളി പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ



മലയാള മനോരമയുടെ ശതോത്തര രജതജൂബിലി പതിപ്പിന്റെ ചുവട് പിടിച്ച് അടുത്ത 25 വർഷം കഴിയുമ്പോൾ മലയാളി പെന്തെക്കോസ്തിന് എന്തു സംഭവിച്ചേക്കാം എന്നാണല്ലോ കഴിഞ്ഞ ലക്കത്തിൽ കുറിച്ചത്. അതേ ശതോത്തര പതിപ്പിൽ 'കേരളത്തിന്റെ പത്ത് മണ്ടത്തരങ്ങൾ' എന്ന പേരിലൊരു ആർട്ടിക്കിളുണ്ട്. ഡി.ബാബു പോളാണ് രചയിതാവ്. മുല്ലപ്പെരിയാർ കരാർ മുതൽ നോക്കുകൂലി വരെയാണ് കേരളം കാണിച്ച മണ്ടത്തരങ്ങളായി അദ്ദേഹം ലിസ്റ്റ് ചെയ്തിരിക്കുന്നത്. അദ്ദേഹം അക്കമിട്ടതിനേക്കാൾ വമ്പൻ മണ്ടത്തരങ്ങളുടെ ആകെത്തുകയാണ് കേരളം. ഒരു സരിതയുടെയും ശാലുവിന്റെയും പേരിൽ കേരളം ഇപ്പോഴനുഭവിക്കുന്ന അസംബന്ധ നാടകം കണ്ടാൽ മാത്രം മതിയല്ലോ നമ്മുടെ വിഡ്ഢിത്തരത്തിന്റെ ആഴം മനസ്സിലാക്കുവാൻ.

ഡി.ബാബു പോളിന്റെ കണ്ടെത്തൽ പോലെ മലയാളി പെന്തെക്കോസ്തിന്റെ പത്ത് മണ്ടത്തരങ്ങൾ കണ്ടെത്തി ലിസ്റ്റ് ചെയ്യാൻ ഞാനൊരു ശ്രമം നടത്തുകയാണിവിടെ. എന്റെ നിഗമനങ്ങളെല്ലാം ശരിയായിരിക്കണമെന്നുമില്ല. ഇവയെ എന്റെ അഭിപ്രായങ്ങളായി മാത്രം പരിഗണിക്കുക.

**1. കരിസ്മാറ്റിക്കിനെ കൈവിട്ടത്**

എന്റെ ധാരണയനുസരിച്ച് മലയാളി പെന്തെക്കോസ്ത് സഭകൾ കാണിച്ച ഏറ്റവും വലിയ മണ്ടത്തരമാണ് കത്തോലിക്ക സഭയിൽ ഉടലെടുത്ത കരിസ്മാറ്റിക് നവീകരണത്തെ കൈവിട്ടു കളഞ്ഞത്. എഴുപതുകളുടെ അവസാനം ആരംഭിച്ച് എൺപതുകളിലും തൊണ്ണൂറുകളിലും കത്തോലിക്ക സഭയെ ഇളക്കിമറിച്ച കരിസ്മാറ്റിക് മൂവ്മെന്റ് ഇന്ന് ഏകദേശം നിലച്ചു കഴിഞ്ഞു. കത്തോലിക്കൻ അന്യഭാഷ പറയുന്നതിൽ കൗതുകം തോന്നിയെങ്കിലും കത്തോലിക്ക സഭയിൽ ഉടലെടുത്ത പെന്തെക്കോസ്തിനെ തള്ളണമോ കൊള്ളണമോ എന്ന് വിവേചിക്കുവാൻ മലയാളി പെന്തെക്കോസ്ത് സഭാ നേതൃത്വത്തിനോ ദൈവശാസ്ത്ര പണ്ഡിതർക്കോ സാധിച്ചില്ല. കരിസ്മാറ്റിക്കിന്റെ സ്വാഭാവിക പരിണിതിയായി കുറേപ്പേർ പെന്തെക്കോസ്തിലെത്തി എന്നത് ശരിയാണ്. എന്നാൽ വലിയൊരു ചാകര വന്നപ്പോൾ വല കീറിപ്പോയ മുക്കുവന്റെ അവസ്ഥയിൽ അന്തം വിട്ടു നില്ക്കാനേ പെന്തെക്കോസ്തിന് സാധിച്ചുള്ളു.

ഈ അടുത്തയിടെ ഐ.പി.സി. പ്രസിഡന്റായിരുന്ന പാസ്റ്റർ കെ.എം. ജോസഫ് ഒരു യോഗത്തിൽ പ്രസംഗമദ്ധ്യേ വെളിപ്പെടുത്തിയ ഒരു രഹസ്യം കേൾക്കൂ. അദ്ദേഹം ഐ.പി.സി. പ്രസിഡന്റായിരിക്കുന്ന കാലത്ത് ഒരിക്കൽ പോട്ടയിലെ ഡിവൈൻ കേന്ദ്രത്തിൽ പോയി. ധ്യാനിക്കാനല്ല. വെറുതെയൊന്നു കാണാൻ. ഐ.പി.സിപ്രസിഡന്റിനെ നായ്ക്കംപറമ്പിൽ അച്ചൻ രണ്ടു കയ്യും നീട്ടി സ്വീകരിച്ചു. അന്നത്തെ ധ്യാനയോഗത്തിൽ പതിനായിരക്കണക്കിന് ജനങ്ങളോട് ഒന്നര മണിക്കൂർ പ്രസംഗിച്ചത് പാസ്റ്റർ കെ.എം.ജോസഫ് എന്ന ഐ.പി.സി. പ്രസിഡന്റായിരുന്നു. (അദ്ദേഹം എന്താണ് പ്രസംഗിച്ചതെന്ന് എനിക്കറിയില്ല.)

പി.ജി.വർഗീസ്, കെ.സി.ജോൺ തുടങ്ങിയ നേതാക്കളും പോട്ടയിൽ പ്രസംഗിച്ചിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. നമ്മുടെ പ്രസംഗകരെ തങ്ങളുടെ വേദികളിൽ കയറ്റുവാൻ അന്ന് അവർക്ക് മടിയില്ലായിരുന്നു. കിട്ടിയ അവസരം ഉപയോഗപ്പെടുത്തി കരിസ്മാറ്റിക് നവീകരണനേതാക്കളുമായി ഹൃദയബന്ധം സ്ഥാപിക്കുവാനോ അവരിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുവാനോ നമ്മുടെ നേതാക്കന്മാർക്ക് സാധിച്ചില്ല. അവർ കരിസ്മാറ്റിക് വേദികളിൽ പോയതുപോലും രഹസ്യമാക്കി വച്ചു. കാരണം പെന്തെക്കോസ്തിൽ ലഭിക്കാവുന്ന കല്ലേറിനെ അവർ ഭയന്നു. വെളിവും തെളിവുമില്ലാത്ത കുറേ പ്രസംഗകരും അതിവിശുദ്ധന്മാരും കുപ്പായമിട്ട അച്ചന്മാരുടെയും കന്യാസ്ത്രീകളുടെയും അന്യഭാഷ പിശാചിന്റേതാണെന്ന് വിളിച്ചു കൂകി നടന്നു.

> കിട്ടിയ അവസരം ഉപയോഗപ്പെടുത്തി കരിസ്മാറ്റിക് നവീകരണനേതാക്കളുമായി ഹൃദയബന്ധം സ്ഥാപിക്കുവാനോ അവരിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുവാനോ നമ്മുടെ നേതാക്കന്മാർക്ക് സാധിച്ചില്ല. അവർ കരിസ്മാറ്റിക് വേദികളിൽ പോയതുപോലും രഹസ്യമാക്കി വച്ചു. കാരണം പെന്തെക്കോസ്തിൽ ലഭിക്കാവുന്ന കല്ലേറിനെ അവർ ഭയന്നു. വെളിവും തെളിവുമില്ലാത്ത കുറേ പ്രസംഗകരും അതിവിശുദ്ധന്മാരും കുപ്പായമിട്ട അച്ചന്മാരുടെയും കന്യാസ്ത്രീകളുടെയും അന്യഭാഷ പിശാചിന്റേതാണെന്ന് വിളിച്ചു കൂകി നടന്നു.

ഒടുവിൽ സംഭവിച്ചത്: ആദ്യത്തെ പത്തുപതിനഞ്ചു വർഷങ്ങൾ കരിസ്മാറ്റിക് നവീകരണത്തെ ഭയപ്പാടോടെയാണ് കത്തോലിക്ക സഭ വീക്ഷിച്ചത്. ഈ മുന്നേറ്റം ലക്ഷക്കണക്കിന് വിശ്വാസികളെയും കൊണ്ട് സഭ വിട്ടുപോകുമെന്ന് അവർ ഭയന്നു. തന്ത്രശാലികളും ബുദ്ധിമാന്മാരുമായ കത്തോലിക്ക ബിഷപ്പുമാരും തേലക്കാട്ടച്ചനേപ്പോലുള്ള ചിന്തകന്മാരും തല പുകച്ചു. ഒടുവിൽ അവർ കരിസ്മാറ്റിക്കിനെ കത്തോലിക്ക സഭയുടെ ചട്ടക്കൂട്ടിനകത്ത് ഒതുക്കി നിർത്തുവാനുള്ള പദ്ധതികൾ നടപ്പിലാക്കി.

ഒരു കാലത്ത് കൊന്ത ചൊല്ലലും മറിയവണക്കവും പുണ്യവാളന്മാരോടുള്ള പ്രാർത്ഥനയും ഉപേക്ഷിച്ച് പരിശുദ്ധാത്മാവിന്റെ നിറവിലേക്കും അഭിഷേകത്തിലേക്കും തിരിഞ്ഞ കരിസ്മാറ്റിക് മൂവ്മെന്റ് ഇന്ന് അന്യഭാഷയും കൊന്തചൊല്ലലും ഒന്നിച്ച് പ്രാക്ടീസ് ചെയ്യിക്കുന്ന കേന്ദ്രങ്ങളായി മാറി.

കേരളാ പെന്തെക്കോസ്ത് നേതാക്കൾ കീറിയ വലയുമായി കൊച്ചുതോണിയിൽ മീൻ പിടിക്കാനിറങ്ങി. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ട് ഒന്നും കിട്ടാതെ ഉടുതുണി പോലുമില്ലാതെ നിൽക്കുന്ന പത്രോസിനേപ്പോലെ കരിസ്മാറ്റിക് ചാകരക്ക് മുമ്പിൽ നിൽക്കേണ്ടി വന്നത് ഏറ്റവും വലിയ മണ്ടത്തരമല്ലാതെ എന്തായിരുന്നു?

**2. വിദ്യാഭ്യാസ രംഗത്ത് കൈവയ്ക്കാഞ്ഞത്.**

ലോകമെങ്ങുമുള്ള ക്രൈസ്തവ സഭകൾ ലോകത്തിന് നൽകിയ ഏറ്റവും വലിയ സംഭാവനകളിലൊന്ന് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ക്രൈസ്തവ മിഷനറിമാരും സമുദായ സഭകളും വിദ്യാഭ്യാസ രംഗത്ത് നൽകിയ സംഭാവനകളാണ് കേരളത്തിന്റെ ഇന്നത്തെ വളർച്ചയുടെ അടിത്തറ. പെന്തെക്കോസ്ത് സഭകൾ ഈ രംഗത്ത് തുടക്കം മുതൽ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. ഒറ്റ വിദ്യാഭ്യാസ സ്ഥാപനം പോലും കേരളത്തിലെ പ്രമുഖ സഭകൾക്കൊന്നും ഇല്ലാതെ പോയതിന്റെ ഉത്തരവാദിത്വം നമ്മുടെ നേതാക്കളുടെ ദീർഘവീക്ഷണമില്ലായ്മയും വികലമായ കാഴ്ചപ്പാടുകളുമാണ്.

പെന്തെക്കോസ്ത് സഭകൾക്ക് സാമ്പത്തിക സൗകര്യങ്ങളോ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാനുള്ള സാഹചര്യമോ ഉണ്ടായിരുന്നില്ല എന്ന് വാദത്തിന് വേണ്ടി പറയാം. എന്നാൽ ആദ്യകാലങ്ങളിൽ ഒരു വിദ്യാഭ്യാസസ്ഥാപനം തുടങ്ങുക എന്നത് ഇന്നത്തെ അത്രയും ബുദ്ധിമുട്ടുള്ള കാര്യമായിരുന്നില്ല. കുമ്പനാട്ട് പാസ്റ്റർ കെ.ഇ.ഏബ്രഹാം ആരംഭിച്ച ഫ്രീസ്കൂൾ എന്ന ഇംഗ്ലീഷ് മീഡിയം സ്കൂൾ നിർത്തിക്കളയാതിരുന്നെങ്കിൽ ഇന്ന് മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനമായി അത് മാറിയേനേ.

നമ്മുടെ പ്രമുഖ പെന്തെക്കോസ്ത് സഭകളായ ഐ.പി.സി., എജി, ചർച്ച് ഓഫ് ഗോഡ് എന്നീ മൂന്നു സഭകൾക്കും വിദേശ സഹായങ്ങൾ വിവിധകാലങ്ങളിൽ ലഭിച്ചിട്ടുണ്ട്. എജി.യും, ചർച്ച് ഓഫ് ഗോഡും ഇന്നും വിദേശമേൽക്കോയ്മ അംഗീകരിക്കുന്ന പ്രസ്ഥാനങ്ങളാണ്. അവരുടെ കേരളാ നേതാക്കൾ ആവശ്യപ്പെട്ടിരുന്നെങ്കിൽ ഒന്നല്ല ഒൻപത് സ്കൂളുകൾ സ്ഥാപിക്കുവാനുള്ള ഫണ്ട് ലഭിക്കുമായിരുന്നു. ഐ.പി.സിക്ക് മുപ്പതുകളിൽ സ്വീഡിഷ് സഭകളുടെ സാമ്പത്തിക പിന്തുണയുണ്ടായിരുന്നു. മാത്രവുമല്ല, കെ.ഇ.ഏബ്രഹാമും കെ.സി.ചെറിയാനും നടത്തിയ പാശ്ചാത്യ മിഷനറി യാത്രകളിൽ ഇത്തരമൊരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ആവശ്യകത അറിയിച്ചിരുന്നെങ്കിൽ ആരെങ്കിലും സഹായിക്കുവാൻ തയ്യാറായേനേ. ഏതായാലും ഒന്നും നടന്നില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം മൂലം സാംസ്ക്കാരിക കേരളത്തിന്റെ മുഖ്യധാരയിൽ പെന്തെക്കോസ്ത് സമൂഹത്തിന് ഇടമില്ലാതെ പോയി. ഇന്ന് നാം മറ്റു പല സമുദായങ്ങളേക്കാൾ സമ്പന്നരും ആൾബലമുള്ളവരുമാണ്. എന്നാൽ ബൗദ്ധികതലത്തിൽ അറിയപ്പെടുന്ന ഒരാൾ പ്പോലും നമ്മുടെ സമൂഹത്തിൽ നിന്ന് ഇല്ലാതെപോയി.

***മറ്റൊരു വശം:*** ആദ്യകാലങ്ങളിൽ യേശുക്രിസ്തു ഇപ്പോൾ മടങ്ങി വരും എന്നതായിരുന്നു നമ്മുടെ പിതാക്കന്മാരുടെ ഉറച്ച വിശ്വാസം. അതുകൊണ്ട് നമ്മൾ ഭൗതിക കാര്യങ്ങൾ കാര്യമായി ശ്രദ്ധിച്ചില്ല. മക്കൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുന്നതിൽപ്പോലും പല ആദ്യപിതാക്കന്മാരും വിമുഖത കാണിച്ചത് കർത്താവ് ഉടനെ വരും എന്ന ഉത്തമവിശ്വാസം കൊണ്ടാണ്. കാലം കടന്നുപോയപ്പോൾ കർത്താവ് വരുമെന്നത് നമ്മുടെ വിശ്വാസ വിഷയം എന്നതിനേക്കാൾ വെറുമൊരു പ്രസംഗവിഷയം മാത്രമായി മാറ്റപ്പെട്ടു. പിന്നെയും കാലം മാറിയപ്പോൾ പ്രസംഗത്തിൽ നിന്നും നാം യേശുക്രിസ്തുവിന്റെ മടങ്ങിവരവ് എന്ന വിഷയം മാറ്റിവച്ചു.

കർത്താവിന്റെ മടങ്ങിവരവ് ഉടൻ ഉണ്ടാകുമെന്ന വിശ്വാസം മാറ്റിവച്ചതുകൊണ്ടാണല്ലോ നാം സമ്പത്ത് ഉണ്ടാക്കുകയും, ബാങ്ക് ബാലൻസ് വർദ്ധിപ്പിക്കുകയും, മനോഹര ഭവനങ്ങളും, പള്ളികളും ആർഭാടപൂർവ്വം പണിയുകയും നമ്മുടെ മക്കളെ നല്ല പ്രൊഫഷണൽ വിദ്യാഭ്യാസം നൽകി കാശുവാരുന്ന യന്ത്രങ്ങളാക്കി മാറ്റുകയും ചെയ്യുന്നത്. അപ്പോഴും നാം പത്തു സ്കൂളുകൾ സ്ഥാപിക്കുന്നതിൽ നിന്ന് മാറിനിന്നു. നമ്മുടെ രണ്ടാമത്തെ മണ്ടത്തരമായി ഞാനിതിനെ കണക്കിൽപ്പെടുത്തട്ടെ.

**3. ഗവൺമെന്റ് സർവ്വീസിൽ ആളില്ലാതെ പോയത്.**

എന്റെ ചിന്തയിലെ മൂന്നാമത്തെ മണ്ടത്തരം മലയാളി പെന്തെക്കോസ്തർ ഗവൺമെന്റ് ജോലികളിൽ താല്പര്യം കാണിക്കാഞ്ഞതാണ്. ഇന്നു കേരളത്തിലെ ഗവൺമെന്റ് ജോലി തലത്തിൽ ഉദ്യോഗവൃന്ദത്തിൽ ഉന്നതജോലികളിൽ വിരലിലെണ്ണാൻപോലും പെന്തെക്കോസ്തുകാർ ഇല്ല. പോലീസ് ഡിപ്പാർട്ട്മെന്റിൽ. ഡി.വൈ.എസ്.പി.റാങ്കിനപ്പുറത്ത് എത്ര പെന്തെക്കോസ്തുകാരുണ്ട്? ഇനിയും കോളജ് അദ്ധ്യാപകരായ എത്ര പ്രൊഫസർമാർ നമുക്കുണ്ട്? എത്ര ഡോക്ടർമാർ ഗവൺമെന്റ് സർവ്വീസിൽ നമുക്കുണ്ട്. എണ്ണമെടുത്താൽ നാം ശരിക്കും നാണംകെടും.

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? നമ്മുടെ ഇടയിൽ മിടുക്കന്മാരും മിടുക്കികളും ഇല്ലാഞ്ഞിട്ടാണോ? അല്ല, നാം നമ്മുടെ മക്കളിൽ മിടുക്കരെയെല്ലാം വിദേശത്ത് കടത്തി. നമ്മുടെ പെൺമക്കളെയെല്ലാം നേഴ്സുമാരാക്കി മാറ്റി. ശരിയാണ് അവർ നമുക്ക് ഡോളറും, ദിനാറും, ദിർഹവുമൊക്കെ തന്നു. നല്ല സാമ്പത്തിക കെട്ടുറപ്പ് നൽകി. പക്ഷേ കേരളത്തിന്റെ സാമൂഹ്യരംഗത്ത് ഇടപെടുവാൻ കെൽപ്പില്ലാത്ത സമൂഹമായി നാം മാറിപ്പോയി.

ഇനിയും ഏഴ് വിഡ്ഢിത്തങ്ങൾ ക്കൂടി ഞാനെഴുതിവച്ചിട്ടുണ്ട്. *ശേഷം അടുത്തതിൽ.*

## മതം മാറ്റം അഞ്ചു വർഷത്തിന് ശേഷം കേസ് തള്ളി

**റായ്പ്പൂർ:** ഛത്തീസ്ഗഡിന്റെ തലസ്ഥാനമായ റായ്പ്പൂരിൽ പ്രവർത്തിക്കുന്ന ഇമ്മാനുവേൽ ഫെലോഷിപ്പ് സ്ഥാപകൻ പാസ്റ്റർ രാജു വി.ജോൺ ഒറീസ്സക്കാരനായ പാസ്റ്റർ അശോക് കുമാർ എന്നിവർക്കെതിരെ മതപരിവർത്തനം ആരോപിച്ച് സുവിശേഷ വിരോധികൾ കൊടുത്ത കേസ് അഞ്ചു വർഷത്തിന് ശേഷം കോടതി തള്ളി. അനധികൃതമായി ഹൈന്ദവരുടെ വീടുകളിൽ കയറി അവരുടെ ദൈവത്തെ അപമാനിക്കുകയും മതം മാറുവാൻ പ്രേരിപ്പിക്കുകയും ചെയ്തു എന്നതായിരുന്നു കേസ്. വിദേശ മിഷണറിമാരിൽ നിന്ന് സാമ്പത്തിക സഹായം നൽകാമെന്ന് പ്രലോഭിപ്പിച്ചു എന്നും ആരോപണമുണ്ടായിരുന്നു. ഏഴുവർഷം വരെ കഠിനതടവ് ലഭിക്കാമായിരുന്ന കേസിൽ ആറു കള്ള സാക്ഷികളും ഉണ്ടായിരുന്നു. എന്നാൽ തെളിവ് ലഭിക്കാഞ്ഞതിനെത്തുടർന്ന് കോടതി കേസ് തള്ളിയത്.

തിരുവല്ല മുണ്ടിയപ്പള്ളി സ്വദേശിയായ പാസ്റ്റർ രാജു വി.ജോൺ 17 വർഷം മുമ്പാണ് റായ്പ്പൂരിൽ പ്രവർത്തനം ആരംഭിച്ചത്. ഒൻപത് സഭകൾ സ്ഥാപിച്ചു. 2008-ൽ ഛത്തീസ്ഗഡ് ഗവൺമെന്റ് അനുവദിച്ച 5000 സ്ക്വയർഫീറ്റ് സ്ഥലത്ത് ഒരുചെറിയ ആരാധനാലയം പണിതെങ്കിലും 2003 ജൂലൈയിൽ സുവിശേഷവിരോധികൾ ഈ ആരാധനാലയം തീവച്ച് ആ സ്ഥലം കയ്യേറി. പിന്നീട് 13 സ്ഥലങ്ങളിൽ മാറിമാറി ആരാധിച്ചു. ഇപ്പോൾ 150 വിശ്വാസികൾ സഭയിൽ കൂടി വരുന്നു. സ്വന്തമായി ആരാധനാ സ്ഥലമില്ല. ഫോൺ: 09826135693

## സി.ഇ.എം പ്രാർത്ഥനാ ദിനം

തിരുവല്ല: സി.ഇ.എം പ്രാർത്ഥനാദിനമായി ആഗസ്റ്റ് 18 ഞായർ വേർതിരിച്ചു. അന്നെദിവസം ആരാധനമദ്ധ്യേ എല്ലാ ലോക്കൽ സഭയിലും 20 മിനിറ്റ് ഭാരതത്തിലെ നാല്പ്പത്തിരണ്ടു കോടിയോളം വരുന്ന യുവജനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നതുൾപ്പടെ ആറ് വിഷയങ്ങൾക്കായി യുവജനപങ്കാളിത്തത്തോടെ പ്രാർത്ഥന നടക്കും. കൂടാതെ അന്നെദിവസം എടുക്കുന്ന സ്തോത്രകാഴ്ച്ച വിവിധ ജീവകാരുണ്യ പ്രവർത്തനത്തിന് വിനയോഗിക്കുന്നതുമാണ്.

## ആരാധനാലയം പ്രതിഷ്ഠിച്ചു



**ന്യൂഡൽഹി:** ഐ.പി.സി.നോർത്തേൺ റീജിയൻ കിംഗ്സ്വേ ക്യാമ്പ് സഭക്ക് വേണ്ടി പണി കഴിപ്പിച്ച ആരാധനാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ റീജിയൻ വർക്കിംഗ് പ്രസിഡന്റ് പാസ്റ്റർ പി.എം.ജോൺ നിർവ്വഹിച്ചു. പാസ്റ്റർമാരായ ഫിലിപ്പോസ് മത്തായി, ഐസക് വി.ജോൺ, കെ.ജി.മത്തായി, കെ.വൈ.ബാബു, എം.ജോണിക്കുട്ടി എന്നിവർ പങ്കെടുത്തു. പാസ്റ്റർ സി.വി.സന്തോഷ് ഈ സഭയുടെ ശുശ്രൂഷകനാണ്. ക്രിസ് ദാനിയേലിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷയും നടന്നു.

## കുന്നംകുളം സെന്റർ ഭാരവാഹികൾ

ഐ.പി.സി.കുന്നംകുളം സെന്റർ ഭാരവാഹികളായി പാസ്റ്റർ ടി.ജെ.ഫിലിപ്പ് (പ്രസിഡന്റ്), പാസ്റ്റർ കെ.എ. വർഗീസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ.പി.എൽദോ (സെക്രട്ടറി), ടി.കെ.ജോൺസൺ (ജോ.സെക്രട്ടറി), പി.കെ.ദേവസ്യാ (ട്രഷറാർ), പാസ്റ്റർ പി.കെ.മധു (പബ്ലിസിറ്റി കൺവീനർ), കമ്മറ്റി മെമ്പർമാരായി പാസ്റ്റർമാരായ സി.ഐ.കൊച്ചുണ്ണി, പി.കെ. ജോൺസൺ, കെ.ശാമുവേൽ, കെ.ജെ.മാത്യു, കെ.ജെ.ജോൺ, പീസ് പി.കുര്യൻ, എൻ.പി.ജേക്കബ്, സഹോദരന്മാരായ വിജയകുമാർ എം, സി.സി.കുര്യൻ, ഷാജു സി.ഐ, ഷിബു പി.യു, എ.വി.മോഹൻ, സി.കെ.ശിമോൻ, പി.സി.ജോർജ്ജ്, ടി.സി.മാത്യു എന്നിവരെ തിരഞ്ഞെടുത്തു.

# ശാസ്ത്രവും സമ്മതിക്കുന്നു അന്യഭാഷക്ക് ശക്തിയുണ്ട്



തോമസ് മുല്ലയ്ക്കൽ

എന്നു മുതലാണ് അന്യഭാഷ സംസാരിച്ചു തുടങ്ങിയതെന്ന് എനിക്ക് നന്നായി ഓർമ്മയുണ്ട്. ഒരു അതിരാവിലെ സമയം. അഞ്ചുമണി കഴിഞ്ഞിട്ടുണ്ട്. അപ്പോൾ സഭയിലെ മുഴുരാത്രി പ്രാർത്ഥന പ്രാർത്ഥിച്ച് അവസാനിപ്പിക്കുന്നതിന് മുമ്പായി ഒരു ഗാനം സഭാവിശ്വാസികൾ ചേർന്ന് പാടുകയാണ്. 'പരമരാജാ ഗുരുവരനെ...' എന്നു തുടങ്ങുന്ന ഗാനമാണത്. ഒരു വലിയ വൃത്തം പോലെ വിശ്വാസികൾ കരം കോർത്തുപിടിച്ച് ആരാധനയുടെ അന്തരീക്ഷത്തിലിരിക്കുകയാണ്.

യോഗം തുടങ്ങുന്നതിനു മുമ്പു വരെ ഞാൻ ഒന്നാന്തരം ഒരു ബ്രദറുകാരനായിട്ടാണിരുന്നത്. ആത്മാഭിഷേകത്തിലും അന്യഭാഷയിലൊന്നും വലിയ വിശ്വാസമില്ലാത്ത അവസ്ഥ.. യോഗം തുടങ്ങുന്നതിന് മുമ്പ് ഞാനിങ്ങനെ പ്രാർത്ഥിച്ചു: "ആത്മനിറവും അന്യഭാഷയുമൊക്കെ സത്യമാണെങ്കിൽ, അതിന്നും പ്രകടമാകുന്നുവെങ്കിൽ, ദൈവമേ നീ അത് എനിക്ക് തരണം. ഈ യോഗം തീരുന്നതിന് മുമ്പ് അത് പ്രാപിക്കണം. അല്ലെങ്കിൽ പെന്തെക്കോസ്തുകാർ ഇന്നും അർത്ഥമില്ലാതെ പിന്തുടരുന്ന ഒരു വിവരക്കേടായി ഞാൻ ഇവയെ തുടർന്നും പരിഗണിച്ചുകൊള്ളാം."

യോഗത്തിലെ അവസാനത്തെ പാട്ട് കയ്യടിക്കാതെ പാടാമെന്ന് പാസ്റ്റർ പറഞ്ഞപ്പോൾ എനിക്കുറപ്പായി ഇന്ന് പ്രത്യേകിച്ചൊന്നും സംഭവിക്കുവാൻ പോകുന്നില്ലെന്ന്! എന്നാൽ പാട്ടിന്റെ രണ്ടാമത്തെ അടി മുഴുമിപ്പിക്കുന്നതിന് മുമ്പ് എന്നിലേക്ക് ഒരു നദി ഒഴുകുവാൻ തുടങ്ങി. അതിശക്തിയോടെയുള്ള ഒഴുക്ക് എന്നിൽ നിന്നും എന്റെ ചുറ്റിലും വെള്ളച്ചാട്ടം തീർക്കുമ്പോഴും കണ്ണു തുറന്നാൽ എനിക്കെല്ലാം വ്യക്തമായി കാണാം. ഒരു തൂവലിന്റെ ഭാരമേ ശരീരത്തിനുള്ളു; ഒരു മത്സ്യത്തേപ്പോലെ ആത്മപ്രവാഹത്തിൽ ഒഴുകിനടക്കുന്ന അവസ്ഥ. അധരങ്ങളിൽക്കൂടി അവ്യക്തമായ ഭാഷ ഒഴുകിവരുവാൻ തുടങ്ങി. അർത്ഥമറിയില്ലെങ്കിലും നാവിനറിയാവുന്നതുപോലെ സംസാരം തുടർന്നു. അന്നു പറഞ്ഞു തുടങ്ങിയ സ്വർഗ്ഗീയ ഭാഷ ഇന്നും പറഞ്ഞുകൊണ്ടേയിരിക്കുന്നു.



അന്യഭാഷ ഒരു അനുഭവമാണ്. അതിന്റെ പ്രാധാന്യമേറിയതും ആത്മീയവുമായ വശം നമുക്കറിയാം. അന്യഭാഷ ദൈവത്തോടുള്ള സംഭാഷണമാണ് (1കൊരി.14:2), ആത്മീയ വർദ്ധന വരുത്തുന്നു.(14:3), ദൈവത്തിന് നന്ദി/സ്തോത്രം അർപ്പിക്കലാണ് (14:22). ആത്മാവ് ദൈവഹിത പ്രകാരം നടത്തുന്ന പ്രാർത്ഥനയാണ് (റോമർ 8:26-27) തുടങ്ങി അന്യഭാഷയുടെ പ്രധാനപ്പെട്ട സംഗതികൾ നമുക്ക് അറിവുള്ളതാണ്.

എന്നാൽ അടുത്ത ചില വർഷങ്ങളായി വിവിധ യൂണിവേഴ്സിറ്റികളിൽ പ്രത്യേകാൽ വൈദ്യശാസ്ത്രരംഗത്ത് നടത്തിയ ചില പഠനങ്ങൾ അന്യഭാഷയുടെ മറ്റൊരു തലവും തെളിയിച്ചുതരുന്നു. ചില ആധികാരിക പഠനങ്ങളുടെ ഫലങ്ങൾ കണ്ടാൽ ദൈവകൃപയുള്ള ദൈവമക്കൾക്ക് രണ്ട് അന്യഭാഷ പറയുവാൻ തോന്നുന്ന തലത്തിലുള്ള സംഗതികളാണ് ശാസ്ത്രം അന്യഭാഷക്ക് അനുകൂലമായി പറഞ്ഞിരിക്കുന്നത്.

വൈദ്യശാസ്ത്രത്തിന്റെ കണ്ടെത്തലിൽ അന്യഭാഷക്ക് ശാരീരികവും മാനസികവുമായ വിവിധ ഗുണങ്ങളാണുള്ളത്. പ്രത്യേകാൽ തലച്ചോറിനെപ്പറ്റിപഠിക്കുന്ന ന്യൂറോ സയൻസ് എന്ന വിഭാഗം

പെൻസിൽവേനിയ യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിൽ, നമ്മുടെ തലച്ചോറിൽ സാധാരണ സജീവമായിരിക്കുന്ന ബുദ്ധികേന്ദ്രം അന്യഭാഷ സംസാരിക്കുമ്പോൾ പ്രവർത്തനരഹിതമാണ് എന്നാണ് കണ്ടെത്തിയത്. നാം എന്തു ചെയ്യണമെന്ന് ചിന്തിക്കുന്നതും ആഗ്രഹിക്കുന്നതുമൊക്കെ നമ്മുടെ തലച്ചോറിലെ ഫ്രണ്ടൽ ലോബു (Frontal lobes)കളിലാണ്. നമ്മുടെ സംസാരമൊക്കെ നിയന്ത്രിക്കപ്പെടുന്നതവിടെയാണ്. എന്നാൽ അന്യഭാഷ സംസാരിക്കുന്ന അഞ്ചു സ്ത്രീകളുടെ തലച്ചോറുകൾ സ്കാനിംഗിന് വിധേയമാക്കിയപ്പോൾ അന്യഭാഷ പറയുമ്പോൾ തലച്ചോറിലെ പ്രസ്തുത ഭാഗം ഒന്നും പ്രകടിപ്പിക്കുന്നില്ല. എന്നാൽ അവർ സംസാരിക്കുമ്പോൾ അവിടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് താനും.

2006 നവംബർ 7-ലെ ന്യൂയോർക്ക് ടൈംസിന്റെ ഓൺലൈൻ എഡിഷനിൽ റിസേർച്ചിനെപ്പറ്റി കൂടുതലായി വിശദീകരിച്ചിരിക്കുന്നത് വായിക്കുക, പഠനം നടത്തിയ ഡോക്ടർമാർ പറയുന്നത് പെന്തെക്കോസ്തുകാരേപ്പോലുള്ള വിശ്വാസികൾ അവകാശപ്പെടുന്നതുപോലെ 'ഇത് അമാനുഷികമായ ഒരു ആശയവിനിമയം' തന്നെയാണ്. ചുരുക്കത്തിൽ, നമ്മുടെ ഭാഷയിൽ പറഞ്ഞാൽ 'അന്യഭാഷ, മാനുഷികമല്ല, ഇത് സ്വർഗ്ഗീയമായതാണ്'!

ഇതേ ഡോക്ടർമാർ കണ്ടെത്തിയ രണ്ടാമത്തെ കാര്യം, അന്യഭാഷ പറയുന്നവർ, പറയാത്തവരേക്കാൾ മാനസിക പ്രശ്നങ്ങൾ കുറവുള്ളവരാണ്. ഇല്ലന്നു തന്നെ വേണമെങ്കിൽ പറയാം. ഇക്കൂട്ടർക്ക് ഭാവിയിലും മാനസിക രോഗം വരുവാൻ അന്യഭാഷ സംസാരിക്കുന്നവരിൽ സാദ്ധ്യത കുറവാണ്. യോഗ ചെയ്യുമ്പോൾ, അന്യഭാഷ സംസാരിക്കുമ്പോൾ സജീവമല്ലാതിരിക്കുന്ന തലച്ചോറിന്റെ ഫ്രണ്ടൽ ലോബുകൾ കൂടുതൽ സജീവമാണെന്നും പഠനത്തിൽ കണ്ടെത്തി. അപ്പോൾ യോഗയിൽ മാനുഷികമായ ഇടപെടലുകൾ ഉണ്ടെന്ന് തെളിയിക്കുകയാണ്.

വിർജ്ജീനിയ യൂണിവേഴ്സിറ്റി പെന്തെക്കോസ്ത് വിശ്വാസികളിലെ ആത്മവ്യാപാരത്തെപ്പറ്റി നടത്തിയ പഠനത്തിലും മുകളിൽപ്പറഞ്ഞതിന് സമാനമായ ഫലങ്ങളാണുണ്ടായത്.

ന്യൂയോർക്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിൽ അന്യഭാഷ സംസാരിക്കുന്നവർ മാനസികമായ വലിയ സമാധാനം അനുഭവിക്കുന്നതായി കണ്ടെത്തി. പ്രത്യേകിച്ച് അന്യഭാഷ പറഞ്ഞതിന് ശേഷമുള്ള സമയങ്ങൾ അവർ വളരെ ആശ്വാസമുള്ളവരായിരിക്കുന്നത് ശ്രദ്ധിക്കപ്പെട്ടു.

പ്രശസ്ത തലച്ചോർ വിദഗ്ദ്ധൻ ഡോ.കാൾ പീറ്റേഴ്സൺ തന്റെ പഠനത്തിൽ കണ്ടെത്തിയ ശ്രദ്ധേയമായ സംഗതി, അന്യഭാഷ സംസാരിക്കുന്നത് രോഗം സൗഖ്യമാക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നു എന്നതാണ്. അന്യഭാഷ സംസാരിക്കുമ്പോൾ തലച്ചോറിന്റെ ഫ്രണ്ടൽ ലോബുകൾ പ്രവർത്തനരഹിതമാകുമ്പോൾ തലച്ചോറിന്റെ മറ്റു ഭാഗങ്ങളിൽ ചില പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇത് സാധാരണ സംസാരിക്കുന്ന വേളയിൽ സംഭവിക്കാറില്ല. രണ്ട് പ്രത്യേകതരം ഹോർമോണുകൾ, എന്റോർഫിനും (endorphins) എൻകെഫാലോനും (enkephatons), നമ്മുടെ രോഗപ്രതിരോധ വ്യവസ്ഥ

*ശേഷം പേജ് 9*


ADMISSION OPEN APPLY NOW

Helping You Reach Your DREAM CAREER



MBBS | BDS
Pharm.D
M.Sc NURSING
P.C.B.Sc NURSING
(Regular & Correspondance)

Few Seats Available

| | |
|---|---|
| B.E/B.TECH | Mechanical \| Automobile \| Civil \| Marine Aeronautical \| Computer Science \| Electronics |
| Medical & Paramedical | Nursing \| Pharmacy \| Perfusion Technology Renal Dialysis \| O.T Technology \| BPT\|BOT... |
| AVIATION | BBA in Aviation \| MBA in Aviation |
| MANAGEMENT | BBA \| BBM \| BHM \| BTA \| BSW \| MBA \| MCA \| MTA \|MSW .... |
| OTHER COURSES | Fashion Designing \| Interior Designing \| Visual Communication \| journalism \| ACCA Cosmetology \| Gems & Jewellery ... |

Call Us @ 9847143030 / 9447413000

DISHAA FOUNDATION
2nd floor, Sankaramangalam Buildings
Cross Junction, Thiruvalla-1
0469-3250555/3268555, 9847143030

www.dishaafoundation.com



THE TIMOTHY INITIATIVE

തിമഥി ഇനിഷ്യേറ്റീവ് ട്രെയിനിംഗ് (TTI)
ഇപ്പോൾ മലയാളത്തിലും ലഭ്യമാണ്!

TTI is conducting a one day Introductory Seminar for those who are interested to run TTI training Programs in their churches.

If you are interested, please contact any of the Leaders listed below, for more information.

| DATE | LOCATION | CONTACT PERSON |
|---|---|---|
| 25th July 2013 | Trivandrum | Rev.Reji S Dineep +91 9847983553 |
| 26th July 2013 | Cochin | Rev.Royson Johnny +91 9633335211 |
| 27th July 2013 | Kozhikode | Rev. Roji Zachariah +91 9447427016 |

The Timothy Initiative is a Church Planters training program started in India and currently in 30+ Nations around the World. It is Church-Based, Focused on Church Multiplication and available in 29+ Languages. Now Every Church can have a Bible School

*For more details:*

**Fregy John, The Timothy Initiative**
**Email: fregy@ttionline.org Cell:+91 999 998 3405**
**www.ttionline.org**
**www.timothyinitiative.com**

***...Penetrating the Nations and Cultures of the World with Gospel of Jesus Christ through a multiplying Church Planting Movement...***

# ഡാളസ് സ്കൂൾ ഓഫ് തിയോളജി



ഗ്രാഡുവേറ്റ് ചെയ്ത വിദ്യാർത്ഥികൾ അദ്ധ്യാപകരോടൊപ്പം

**ഡാളസ്:** ഡാളസ് സ്കൂൾ ഓഫ് തിയോളജിയുടെ നേതൃത്വത്തിൽ മെയ് 25-ന് നടന്ന ബിരുദദാന സമ്മേളനത്തിൽ 12 വിദ്യാർത്ഥികൾ ഗ്രാഡുവേറ്റ് ചെയ്തു. മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ അംഗീകൃത ബി.എ.ഇൻ തിയോളജി എന്ന ത്രിവത്സര ഡിഗ്രിയാണ് ബിരുദധാരികൾ പൂർത്തിയാക്കിയത്.

മെസ്കിറ്റ് പീസ് ചർച്ച് സീനിയർ പാസ്റ്റർ ജയിംസ് ബേക്കർ മുഖ്യ സന്ദേശം നൽകി. പ്രസിഡന്റ് ഡോക്ടർ ജോസഫ് ഡാനിയേൽ അദ്ധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ഏബ്രഹാം കുര്യൻ, ഏബ്രഹാം തോമസ്, പാസ്റ്റർ മാത്യു സാമുവേൽ എന്നിവർ സംസാരിച്ചു. രജിസ്ട്രാർ പാസ്റ്റർ കെ.കെ.മാത്യു തിരുവചനം വായിച്ചു. അക്കാഡമിക് ഡീൻ പാസ്റ്റർ തോമസ് മുല്ലയ്ക്കൽ ബിരുദധാരികളെ പരിചയപ്പെടുത്തി. പ്രിൻസിപ്പാൾ പാസ്റ്റർ ഏബ്രഹാം തോമസ് ഡിഗ്രികൾ വിതരണം ചെയ്തു. ഡോ.ജോർജ്ജ് സി.വർഗീസ് നിയോഗപ്രാർത്ഥന നിർവ്വഹിച്ചു. ജസ്റ്റിൻ വർഗീസ് സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ തോമസ് കോശി, സതീഷ് കുമാർ, ഷാജി ഡാനിയേൽ, റ്റി.എസ്.ഏബ്രഹാം എന്നിവർ വിവിധ പ്രോഗ്രാമുകൾ നിർവ്വഹിച്ചു. ജോലിയോടൊപ്പം വചനപഠനവും സാദ്ധ്യമാക്കുന്ന ഡാളസ് സ്കൂൾ ഓഫ് തിയോളജിയുടെ നാലാമത്തെ ബാച്ചാണ് പഠനം പൂർത്തിയാക്കിയത്. അടുത്ത അധ്യയന വർഷത്തെ ക്ലാസുകൾ ആഗസ്റ്റ് 5-ന് ആരംഭിക്കും. ഫോൺ: (469)682 5031.

# സെന്റർ ശുശ്രൂഷകനായി നിയമിതനായി



**ആലുവ:** ഐപിസി.ആലുവ സെന്റർ പാസ്റ്ററായി പാസ്റ്റർ സ്റ്റീഫൻ മാത്യു ചുമതലയേറ്റു. ഇടയാറന്മുള സ്വദേശിയായ പാസ്റ്റർ സ്റ്റീഫൻ മാത്യു 1983–84 കാലങ്ങളിൽ കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജിൽ വേദപഠനം നടത്തി. തുടർന്ന് ആനപ്രമ്പാൽ, എടത്വാ, കുറ്റപ്പുഴ, കറ്റോട്, റാന്നി ശാലേം, ഐപിസിഷാർജ, വാളകം ഹെബ്രോൻ എന്നീ സഭകളിൽ ശുശ്രൂഷകനായിരുന്നു.

ഇപ്പോൾ കോയമ്പത്തൂരിൽ താമസിച്ചുകൊണ്ട് സതേൺ ഏഷ്യാ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന വേദപാഠശാലക്ക് നേതൃത്വം നൽകുന്നു. കേരളത്തിലും തമിഴ്നാട്ടിലും സജീവമായി പ്രവർത്തിക്കുന്ന ഇന്ത്യാ ഗോസ്പൽ ടീമിന്റെ വൈസ് ചെയർമാനായും പ്രവർത്തിക്കുന്നു. ഭാര്യ: റെയ്മോൾ മക്കൾ: നിസി സൂസൻ, റൂഫസ് മാത്യു.

# പാസ്റ്ററുടെ മകന് അപൂർവ്വ ബഹുമതി



മീനങ്ങാടി: അമേരിക്കൻ ഇന്റർനാഷണൽ മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ മെഡിസിന് പഠിക്കുന്ന ഡാനി പോൾ ബേബിക്ക് പെർഫോമൻസ് അവാർഡ് ലഭിച്ചു. ഇന്ത്യാക്കാരന് ലഭിച്ച ആദ്യ അംഗീകാരമാണിത്. ഐ.പി.സി.ബഡോരി സഭാ ശുശ്രൂഷകൻ പാസ്റ്റർ ബേബി വി. കുര്യാക്കോസിന്റെയും ഡോ.അനിതാ ബേബിയുടെയും രണ്ടാമത്തെ മകനാണ്.

മുമ്പും പല മെറിറ്റ് അവാർഡുകളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. എഞ്ചിനിയറിംഗ് വിദ്യാർത്ഥിയായ ക്രിസ് കുര്യൻ സഹോദരനാണ്.

# ഐ.പി.സി.മലബാർ മിഷൻ പഠനോപകരണങ്ങൾ നൽകി



മലബാർ മിഷന്റെ പഠനോപകരണ വിതരണം ഉദ്ഘാടനം പാസ്റ്റർ കെ.സി.തോമസ് നിർവ്വഹിക്കുന്നു

**നിലമ്പൂർ:** ഐ.പി.സി.മലബാർ മിഷന്റെ ആഭിമുഖ്യത്തിൽ 100 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി. നിലമ്പൂർ പാലുണ്ട ന്യൂ ഹോപ്പ് ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ പാസ്റ്റർ കെ.സി.തോമസ് വിതരണം ഉദ്ഘാടനം ചെയ്തു.

ഐ.പി.സി.ഫ്ളോറിഡാ ചർച്ചിലെ പാസ്റ്റർ കെ.സി.ജോൺ, ഐ.പി.സി.കുവൈറ്റ് പി.വൈ.പി.എ.പഠനോപകരണങ്ങൾക്ക് ധനസഹായം നൽകി. മലബാർ മിഷൻ ചെയർമാൻ പാസ്റ്റർ ബാബു ഏബ്രഹാം അധ്യക്ഷത വഹിച്ചു. സണ്ണി മുളമൂട്ടിൽ, പാസ്റ്റർ ഷിബു നെടുവേലി, എൽ.കെ.റോയ് എന്നിവർ പ്രസംഗിച്ചു. സജി മത്തായി കാതേട്ട് സ്വാഗതവും ജയിംസ് വർക്കി നന്ദിയും പറഞ്ഞു.

# കർണ്ണാടക യു.പി.എൽ.പി.എഫ് വനിതാ സമ്മേളനം സമാപിച്ചു

**ബാംഗ്ലൂർ:** കർണ്ണാടകയിലെ പെന്തെക്കോസ്ത് വനിതകളുടെ ആത്മീയ സംഘടനയായ യുണൈറ്റഡ് പെന്തെക്കോസ്തൽ ലേഡീസ് പ്രെയർ ഫെലോഷിപ്പ് (യുപിഎൽപിഎഫ് ) ആഭിമുഖ്യത്തിൽ ജൂൺ 30-ന് ഹെണ്ണൂർ ന്യൂ ലൈഫ് കോളജ് ഓഡിറ്റോറിയത്തിൽ പെന്തെക്കോസ്ത് വനിതാ സമ്മേളനം നടന്നു. പാസ്റ്റർ കെ. എസ്.സാമുവേൽ ഉദ്ഘാടനം ചെയ്തു. യു.പി.എൽ.പി.എഫ് വാർത്താ പത്രികയായ മോറിയായിൻ ധനിയുടെ 25-ാം ലക്കം നേഴ്സസ് മിഷൻ ഡയറക്ടർ സിസ്റ്റർ മേരി സി. ജോൺ, സെന്റ് തോമസ് കോളജ് ലക്ചറർ സിസ്റ്റർ സ്മിതാ ചാക്കോയ്ക്ക് നൽകി പ്രകാശനം ചെയ്തു. പ്രൊഫ.സാറാ തോമസ്, മേഴ്സി മാത്യു, ഒമേഗ സുനിൽ, ബീനാ ബിജു, മേരി താന്നിക്കൽ എന്നിവരും പ്രസംഗിച്ചു.



മോറിയായിൻ ധനി പ്രകാശനം മിഷൻ ഡയറക്ടർ സിസ്റ്റർ മേരി സി. ജോൺ, സിസ്റ്റർ സ്മിതാ ചാക്കോയ്ക്ക് നൽകി നിർവ്വഹിക്കുന്നു

## ക്ലാസ് ആരംഭിച്ചു

**ഫരീദാബാദ്:** ഫെയ്ത്ത് ബൈബിൾ കോളജ് 22-ാമത് ബാച്ച് ജൂലൈ 8-ന് ആരംഭിച്ചു. അഡ്മിനിസ്ട്രേറ്റർ പാസ്റ്റർ ഏബ്രഹാം ഡാനിയേലിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ മാത്യുക്കുട്ടി സ്വാഗതവും, പാസ്റ്റർ ജോൺ മാത്യു സങ്കീർത്തനവും വായിച്ചു. പ്രസിഡന്റ് പാസ്റ്റർ റ്റിജി.കോശി ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ പാസ്റ്റർ ഈശോ മാത്യു കോഴ്സ് പരിചയപ്പെടുത്തി. സിസ്റ്റർ ഏലിയാമ്മ കോശി, പാസ്റ്റർമാരായ റജി ചാക്കോ, ജോൺ സന്തോഷ്, റോബിൻസൺ ബാബു, ജോൺ പി.തോമസ് എന്നിവർ ആശംസയും, പാസ്റ്റർ റജി നന്ദി യും അറിയിച്ചു.

## വെബ്സൈറ്റ് ആരംഭിച്ചു

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ച് യുവജന സംഘടന സി. ഇ. എം ന് വെബ്സൈറ്റ് സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ പി. എം. ജോൺ സ്വിച്ച്ഓൺ കർമ്മം നിർവ്വഹിച്ചുകൊണ്ട് ആരംഭിച്ചു. (www.cemsharonthiruvalla.org) സി.ഇ.എം സംബന്ധമായ എല്ലാ വാർത്തകളും വെബ്സൈറ്റിൽ ലഭ്യമാണ്.


**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.

Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട (Dist).



**MANASA COLLEGE OF NURSING**

(Approved by INC & KNC and Affiliated to RGUHS Banglore)

Hosur Main Road, Malur, Bangalore

**B.Sc. (N) | Gen. (N)**

**P.C. B.Sc.(N) | M.Sc.(N)**

Own Hospital & examination Centre
Walkable distance from railway station &
Bus station. 30 minutes drive from Airport
Fees in installments, Eminent faculty

കേരളത്തിലെ ഏക ഇൻഫർമേഷൻ സെന്റർ

SAY
എഴുതിയവർക്കും
അപേക്ഷിക്കാം

College Information Centre
1st Floor, Amprayil Bldgs,
YMCA Jn. THIRUVALLA
Ph: 0469-2620999, 2606002

Call @ 9947963438
9847170530





**അമേരിക്കൻ താൾ**

# ഇന്റർനാഷണൽ ബൈബിൾ ചർച്ച്

## ദർശന പൂർത്തീകരണത്തിന്റെ നേർസാക്ഷ്യം

**അ**മേരിക്കയിലെത്തിയ ബഹുഭൂരിപക്ഷം മലയാളി ദൈവദാസന്മാരും മലയാളികൾക്ക് വേണ്ടി സഭകൾ സ്ഥാപിക്കുകയും മലയാളികൾക്കിടയിൽ പ്രവർത്തിക്കുകയും ചെയ്തു. എന്നാൽ റവ.ടി.സി.തോമസ് എന്ന മല്ലപ്പള്ളിക്കാരൻ തികച്ചും വ്യത്യസ്തനാണ്. മൂന്നു പതിറ്റാണ്ടിലധികം എഞ്ചിനിയറായി ജോലി ചെയ്തു. അതോടൊപ്പം ഒരു ഇന്റർനാഷണൽ സഭയുടെ ശുശ്രൂഷകളുടെ ഭാഗമായി പ്രവർത്തിച്ചു. പിന്നീട് ദൈവാലോചന ലഭിച്ചപ്പോൾ ഇന്റർനാഷണൽ ബൈബിൾ ചർച്ച് എന്ന പേരിൽ സ്വന്തമായി സഭ സ്ഥാപിച്ചു. പേരിൽ മാത്രമല്ല ഇന്റർനാഷണൽ; 15 -ലധികം രാജ്യക്കാരായ അഞ്ഞൂറോളം വിശ്വാസികൾ ഹ്യൂസ്റ്റൺ പട്ടണത്തിലെ ഈ സഭയിൽ ഇപ്പോൾ അംഗങ്ങളാണ്.



*റവ.റ്റി.സി.തോമസ്സും ഭാര്യ ഏലിയാമ്മയും*

റവ.ടി.സി.തോമസിന്റെ കഥ ആരംഭിക്കുന്നത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമത്തിൽ നിന്നാണ്. തെങ്ങാപ്പള്ളി എന്ന പാരമ്പര്യ യാക്കോബായ കുടുംബത്തിലെ ചാക്കോസാർ എന്ന് നാട്ടുകാർ ആദരപൂർവ്വം വിളിക്കുന്ന സ്കൂൾ അധ്യാപകനും ബിസിനസുകാരനുമായ ചെറുപ്പക്കാരൻ പെന്തെക്കോസ്തിൽ ചേർന്നു. പെന്തെക്കോസ്തുകാരെ നാട്ടിൽ നിന്ന് ആട്ടിയോടിക്കുന്ന കാലത്ത് വലിയൊരു കുടുംബത്തിൽ നിന്ന് നാട്ടുകാർ ആദരിക്കുന്ന ചെറുപ്പക്കാരൻ പെന്തെക്കോസ്തിൽ ചേർന്നത് വലിയൊരു വാർത്തയായി. തനിക്ക് പ്രാർത്ഥനയാൽ ലഭിച്ച അത്ഭുത രോഗസൗഖ്യമായിരുന്നു ചാക്കോ സാറിന്റെ മാനസാന്തരത്തിനും സ്നാനത്തിനും കാരണമായത്. 32-ാം വയസിൽ ഞരമ്പുകളെ രോഗം ബാധിച്ച് വൈദ്യന്മാർക്ക് ചികിത്സിച്ച് ഭേദമാക്കുവാൻ സാധിക്കാതെ വന്നപ്പോൾ ചാക്കോച്ചന് ജീവിതം കൈവിട്ടു പോയെന്ന് മനസ്സിലായി. എന്നാൽ പെന്തെക്കോസ്തുകാരുടെ പ്രാർത്ഥനയിലൂടെ യേശു പൂർണ്ണ സൗഖ്യം തന്നപ്പോൾ പാരമ്പര്യ സഭകളുടെ വിലക്കുകളെ അവഗണിച്ച് ചാക്കോച്ചൻ വിശ്വാസത്തിന് വേണ്ടി ഇറങ്ങിത്തിരിച്ചു. അന്ന് മരുന്നുപേക്ഷിച്ച ചാക്കോ സാർ 88-ാം വയസ്സിൽ നല്ല വാർദ്ധക്യത്തിൽ നിത്യതയിൽ ചേർക്കപ്പെടുന്നതുവരെ മരുന്നുപയോഗിക്കാതെ വിശ്വാസ ജീവിതം നയിച്ചു.

ചാക്കോസാറിന്റെ രണ്ടാമത്തെ മകനാണ് ഹ്യൂസ്റ്റണിലെ സ്റ്റാഫോർഡിലുള്ള ഇന്റർനാഷണൽ ബൈബിൾ ചർച്ചിന്റെ സ്ഥാപകൻ റവ.ടി.സി.തോമസ്. പിതാവിന്റെ രോഗസൗഖ്യത്തിലൂടെ ആ കുടുംബം പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചു. കീഴ്വായ്പ്പൂർ ഐ.പി.സി.സഭയിൽ പാസ്റ്റർ എം.വി.ചാക്കോ മുണ്ടിയപ്പള്ളിയുടെ ശുശ്രൂഷകൾ കണ്ടാണ് തോമസ് ബാല്യകാലത്തു തന്നെ സുവിശേഷവേലയോട് തൽപ്പരനായത്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതോടെ ബംഗാരപ്പെട്ടയിലെ സൗത്ത് ഇന്ത്യാ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. 1961-ലായിരുന്നു ഇത്. നാലു വർഷത്തെ പഠനം പൂർത്തിയാക്കിയപ്പോൾ ആൾ ഇന്ത്യാ മിഷൻ ടാബ്ലറ്റ് ഇൻഡസ്ട്രീസ് എന്ന മിഷനറി പ്രസ്ഥാനത്തിൽ ജോലി ലഭിച്ചു. ചില വർഷങ്ങൾ അവിടെ പ്രവർത്തിച്ചു. പിന്നീട് കൽക്കട്ടയിൽ താമസിച്ച് ലിറ്ററേച്ചർ മിനിസ്ട്രിയിൽ വ്യാപൃതനായി. ക്രിസ്തീയ സാഹിത്യ പ്രവർത്തനങ്ങളിലും എഴുത്തിലുമൊക്കെ തൽപ്പരനായിരുന്നു.

ജ്യേഷ്ഠ സഹോദരൻ പാസ്റ്റർ ടി.സി.ചാക്കോ നേരത്തെ തന്നെ അമേരിക്കയിൽ ആയിരുന്നു. അദ്ദേഹത്തിന്റെ ഉത്സാഹത്തിൽ 1969-ൽ ടി.സി.തോമസും അമേരിക്കയിലെത്തി. ഹ്യൂസ്റ്റണിലെ ആദ്യ മലയാളികൾ ഇവരിരുവരുമായിരുന്നു. നാലുമാസത്തോളം ജോലിയൊന്നും ലഭിക്കാതെ ഭാരപ്പെട്ടു. പിന്നീട് ദൈവം വഴികൾ തുറന്നു. ജോലിയും പഠനവും തുടർന്നു. എഞ്ചിനിയറായി 33 വർഷം ജോലി ചെയ്തു.

അമേരിക്കയിലെത്തിയെങ്കിലും സുവിശേഷവേല എന്ന ദർശനം നഷ്ടമായില്ല. ഹ്യൂസ്റ്റണിലെ ആരംഭകാലത്തു തന്നെ പാസ്റ്റർ ജോൺ ഓസ്റ്റിന്റെ സഭയുമായി ബന്ധപ്പെട്ടു. അന്ന് ലേക്ക്വുഡ് സഭയിൽ 75 പേരാണുള്ളത്. ദീർഘമായ 27 വർഷങ്ങൾ ലേക്ക്വുഡ് സഭയുടെ സജീവ അംഗവും വിവിധ ശുശ്രൂഷകളിൽ പങ്കാളിയുമായി. ജോൺ ഓസ്റ്റിൻ ഒരു സ്നേഹിതനേപ്പോലെയും മകനേപ്പോലെയും തോമസിനെ ഹൃദയപൂർവ്വം സ്നേഹിച്ചു. ശുശ്രൂഷകളിൽ പങ്കാളിയാക്കി. ജോൺ ഓസ്റ്റിന്റെ ഇന്ത്യയോടുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും കാരണക്കാരിലൊരാളാകുവാൻ തോമസിന് സാധിച്ചു. ഓസ്റ്റിൻ കുടുംബവുമായി ഇന്നും ഹൃദ്യമായ ബന്ധം തോമസും കുടുംബവും സൂക്ഷിക്കുന്നു.

*?ജോൺ ഓസ്റ്റിന്റെ സഭയിൽ നിന്ന് മാറുവാനും സ്വന്തമായി ബൈബിൾ ചർച്ച് സ്ഥാപിക്കുവാനും കാരണമെന്താണ്?*

സ്വന്തമായി സഭ തുടങ്ങുക എന്ന ചിന്ത എനിക്കില്ലായിരുന്നു. അങ്ങനെയൊരു സ്വപ്നം എനിക്കുണ്ടായിരുന്നെങ്കിൽ 27 വർഷം അതിനുവേണ്ടി കാത്തിരിക്കയില്ലായിരുന്നു. സുവിശേഷവേലയിൽ പങ്കാളിയാകുക, മിഷൻ ട്രിപ്പുകൾ നടത്തുക എന്നതിനപ്പുറം സ്വന്തമായി സഭ സ്ഥാപിക്കുന്നതിനുള്ള നിയോഗം എനിക്കുണ്ടെന്ന് ഞാൻ വിശ്വസിച്ചിരുന്നില്ല.

എന്നാൽ ദൈവീക ആലോചന വ്യക്തമായി ലഭിച്ചതോടെ സഭ തുടങ്ങുവാൻ ഞാൻ നിർബ്ബന്ധിതനാകുകയായിരുന്നു. എനിക്കൊരു പരിചയവുമില്ലാത്ത ദൈവദാസന്മാരിലൂടെ ദൈവാത്മാവ് എന്നോട് വ്യക്തമായ ആലോചന പറഞ്ഞു. എന്നിട്ടും മടിച്ചു നിന്ന എന്നെ 1997-ൽ ദൈവം വ്യക്തമായൊരു ദർശനം കാണിച്ചു. അങ്ങനെ ആ വർഷം ആഗസ്റ്റ് 17-ന് യൂണിവേഴ്സിറ്റി ഓഫ് ഹ്യൂസ്റ്റണിലെ ഒരു മുറിയിൽ ഞാനൊരു കൂട്ടായ്മ ആരംഭിച്ചു. ആദ്യത്തെ ആരാധനക്ക് നാലു പേരാണ് ഉണ്ടായിരുന്നത്. എനിക്ക് പക്ഷേ നിരാശയൊന്നും തോന്നിയില്ല. ദൈവം പറഞ്ഞു, ഞാൻ ആരംഭിച്ചു. സഭ ദൈവത്തിന്റേതാണ്. നിയോഗം നൽകിയത് ദൈവമാണ്. സഭയെ വളർത്തുന്നതും ദൈവീക പദ്ധതിയാണ്. ഇതാണ് സഭ തുടങ്ങുവാനുള്ള മുഖാന്തിരം. ലേക്ക്വുഡ് ചർച്ചുമായോ, ജോൺ ഓസ്റ്റിൻ കുടുംബവുമായോ ഒരുവിധ അകൽച്ചയുമില്ല. ഇന്നും അവരുമായി നല്ല ബന്ധമാണുള്ളത്.

*?മനോഹരമായ ആരാധനാലയം സഭക്കുണ്ട്. ഇത്രയും വലിയ സഭാഹാൾ പണിതതിന് പിന്നിൽ?*

ഞാൻ പറഞ്ഞല്ലോ സഭ എന്ന പദ്ധതി ദൈവത്തിന്റേതാണ്. ഇതിലെന്റെ പ്ലാനിംഗിനൊന്നും ഒരു സ്ഥാനവുമില്ല. ദൈവം യഥാവസരത്തിൽ തരുന്ന ആലോചനപ്രകാരം ഞാൻ കാര്യങ്ങൾ ചെയ്യുന്നു എന്നേയുള്ളു.

യൂണിവേഴ്സിറ്റിയിൽ നടന്ന ആരാധന പിന്നീട് ഒരു ഷോപ്പിംഗ് സ്ട്രിപ്പിലേക്ക് മാറ്റേണ്ടതായി വന്നു. അതും ദൈവാലോചനപ്രകാരമായിരുന്നു മാറ്റിയത്. 2003 ആയപ്പോഴേക്ക് സഭയിൽ വിവിധ രാജ്യക്കാരായ 25 കുടുംബങ്ങൾ അംഗങ്ങളായി മാറി. ഞാൻ സ്വന്തമായൊരു ആരാധനാലയത്തിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. പ്രാർത്ഥനയുടെ മറുപടിയായി ദൈവം വിശാലമായ ഒരു സ്ഥലം ഞങ്ങൾക്ക് നൽകി. 2003 ഡിസംബർ 31-ന് മുമ്പ് ആ സ്ഥലത്തിന് മുഴുവൻ തുകയും കൊടുത്ത് വാങ്ങുവാൻ ദൈവം വഴിയൊരുക്കി.

ഇനി സഭാഹാൾ പണിയണം. വാങ്ങിയ സ്ഥലത്തു വന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്ന പതിവുണ്ടായിരുന്നു. ഒരിക്കൽ പ്രാർത്ഥിക്കുമ്പോൾ ഈ സ്ഥലത്ത് വലിയ അഗ്നി കത്തുന്നതായ കാഴ്ച ഞാൻ കണ്ടു. ദൈവീക സാന്നിദ്ധ്യം ഈ സ്ഥലത്തുണ്ടെന്നും ഇത് ദൈവം സഭക്കായി ഒരുക്കിയ സ്ഥലമാണെന്നും എനിക്ക് ബോദ്ധ്യമായി.

പള്ളി പണിയാനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവം എനിക്ക് വ്യക്തമായ ഡിസൈൻ നൽകി. ആ ഡിസൈൻ അനുസരിച്ചാണ് ഇതിന്റെ പണി നടത്തിയത്. 25 കുടുംബങ്ങളുള്ള സഭക്ക് മാക്സിമം 250 പേർക്കിരിക്കാവുന്ന പള്ളിയുടെ ആവശ്യമേയുള്ളു. എന്നാൽ ദൈവം എനിക്ക് കാണിച്ചുതന്നത് 1300 പേർക്ക് ഇരിക്കാവുന്ന പള്ളിയും അനുബന്ധ സൗകര്യങ്ങളുമുള്ള പ്ലാനുമാണ്. ഞാനൊട്ടും അവിശ്വസിച്ചില്ല. പണി ആരംഭിച്ചു. ഒരു രൂപ പോലും സഭക്ക് വെളിയിൽ നിന്ന് കളക്ട് ചെയ്യേണ്ടി വന്നില്ല. വിശ്വാസികൾ തന്നെ പണമെടുത്ത് രണ്ടു വർഷം കൊണ്ട് പണി പൂർത്തീകരിച്ചു. ഇന്നിപ്പോൾ സഭയിൽ 15 രാജ്യക്കാരായ 500-ലധികം പേർ ആരാധിക്കുന്നു. സഭ ഇപ്പോഴും വളർന്നു കൊണ്ടിരിക്കുന്നു. അൻപതിലധികം യുവജനങ്ങൾ സഭയുടെ മിനിസ്ട്രികളിൽ പങ്കാളികളാണ്.

*? ക്രിസ്തീയ ശുശ്രൂഷക്കിടയിൽ എന്തെങ്കിലും പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ടോ?*

സഭാ ശുശ്രൂഷ ശത്രുവിനെതിരെയുള്ള നേരിട്ടുള്ള പോരാട്ടമാണ്. ശക്തമായ പ്രാർത്ഥനയും ദൈവീക നിയോഗം ഏറ്റെടുക്കയുമാണ് അതിനുള്ള പ്രതിവിധി. നിരവധി പ്രതിസന്ധികൾ ഞങ്ങൾക്ക് നേരിടേണ്ടി വന്നു. എന്റെ ഭാര്യക്ക് തൈറോയിഡിന്റെ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായി. കൂടാതെ19 വയസുള്ള മകൾ ക്യാൻസർ ബാധിതയായി. ഞങ്ങൾ ശക്തമായി പ്രാർത്ഥിച്ചു. മൂന്ന് ഓപ്പറേഷനുകൾക്ക് ശേഷം ദൈവം അത്ഭുതവിടുതൽ നൽകി.

വ്യക്തിപരമായി ഞങ്ങൾക്ക് ലഭിച്ച അത്ഭുത വിടുതലുകൾ അനേകരുടെ വിഷയങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനുള്ള ഉറപ്പും ധൈര്യവും നൽകി. ഈ സഭ അത്ഭുതങ്ങളുടെയും വിടുതലിന്റെയും സഭയാണ്. വീൽചെയറിൽ വന്നവർ വീൽചെയർ ഉപേക്ഷിച്ചു പോയ നിരവധി അവസരങ്ങളുണ്ട്. ഒരു കാര്യം ഞാൻ തുറന്നു പറയട്ടെ. ദൈവത്തിൽ വിശ്വസിക്കുക. ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്. അവൻ പ്രാർത്ഥനകൾക്ക് ഇന്നും മറുപടി നൽകുവാൻ ശക്തനാണ്.

*? ഒരു മലയാളി എന്ന നിലയിൽ ഇന്ത്യയിൽ എന്തെങ്കിലും മിനിസ്ട്രി ചെയ്യുന്നുണ്ടോ?*

ഇന്ത്യയിലും നൈജീരിയായിലും സഭക്ക് മിഷൻ പ്രവർത്തനങ്ങളുണ്ട്. ഇന്ത്യയിൽ രണ്ട് ചിൽഡ്രൻസ് ഹോമുകൾ പ്രവർത്തിക്കുന്നു.

*?കുടുംബം:* എന്റെ ശുശ്രൂഷകളിൽ ദൈവം തന്ന അനുഗ്രഹമാണ് ഭാര്യ ഏലിയാമ്മ (അമ്മുക്കുട്ടി) പൂർണ്ണസമയം എന്നോടൊപ്പം സഭാപ്രവർത്തനങ്ങളിൽ സജീവ പങ്കാളിയാണ്. മൂന്നു മക്കളാണ് ഞങ്ങൾക്കുള്ള ദൈവീക ദാനം. ലിസ, ലീന, ബോബി

# മലബാർ നിങ്ങൾക്ക് ശമര്യയോ യെരുശലേമോ?





റവ.ഉമ്മൻ ഏബ്രഹാം


റവ.കുര്യൻ ടി.മാത്യു

ആയിരത്തിതൊള്ളായിരത്തി അൻപതുകളിലാണ് കുമ്പനാട്ടുകാരനായ മംഗലശ്ശേരിൽ ഉമ്മച്ചൻ ഉപദേശി മലബാറിൽ സുവിശേഷപ്രവർത്തനത്തിനെത്തിയത്. കുറച്ചുകാലം മലബാറിലെ ഊഷരഭൂമിയിൽ കർതൃവേല ചെയ്തെങ്കിലും കാര്യമായ ഫലമൊന്നും കാണാതെ അദ്ദേഹം നാട്ടിലേക്ക് മടങ്ങി. അൻപത് വർഷങ്ങൾക്ക് ശേഷം അദ്ദേഹത്തിന്റെ പുത്രൻ പാസ്റ്റർ ഉമ്മൻ ഏബ്രഹാമും സഹപ്രവർത്തകരും മലബാർ എന്ന ദർശനം ഏറ്റെടുത്തപ്പോൾ പിതാവിന്റെ പ്രവർത്തനങ്ങളുടെ പിൻതുടർച്ചയായത് തികച്ചും ദൈവനിയോഗമെന്ന് കരുതാതെ വയ്യ.

ന്യൂയോർക്കിൽ ജോലിയും കർതൃശുശ്രൂഷയുമായി ജീവിക്കവെയാണ് പതിമൂന്നു വർഷംമുമ്പ് പാസ്റ്റർ ഉമ്മൻ ഏബ്രഹാമിന്റെ നേതൃത്വത്തിൽ മലബാർ ഗോസ്പൽ ട്രാക്റ്റ് സൊസൈറ്റി രൂപീകൃതമാകുന്നത്. കോട്ടയം സ്വദേശിയും ബാല്യം മുതൽ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ അത്യുത്സാഹിയുമായ പാസ്റ്റർ കുര്യൻ ടി.മാത്യു എന്ന ജോയി ആലുംമൂട്ടിലും ഈ പ്രസ്ഥാനത്തിന്റെ തുടക്കക്കാരനാകുവാൻ ദൈവം നിയോഗം നൽകി. ഇന്ന് വയനാട് ജില്ലയിലും തമിഴ്നാടിന്റെ ചില പ്രദേശങ്ങളിലുമായി ഇരുപതിലധികം സഭാ പ്രവർത്തനങ്ങൾ ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഇന്ത്യാ എന്ന പേരിൽ വളർച്ച പ്രാപിക്കുമ്പോൾ ദൈവപ്രവർത്തിയുടെ ഫലം കണ്ട് ദൈവത്തിന് നന്ദി പറയുകയാണ് ഇവരിരുവരും. റവ.ഉമ്മൻ ഏബ്രഹാമും റവ.കുര്യൻ ടി. മാത്യുവും തങ്ങളുടെ ദർശനവും പ്രവർത്തനവും വ്യക്തമാക്കുന്നു.

***?   അമേരിക്കയിൽ താമസിക്കുന്ന ഒട്ടനവധിപ്പേർ ഉത്തരേന്ത്യയിൽ മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നിങ്ങൾ മാത്രം എന്തു കൊണ്ടാണ് മലബാർ പ്രവർത്തന മേഖലയായി തിരഞ്ഞെടുത്തത്.***

ശരിയാണ് സാധാരണ നമ്മൾ കേൾക്കുന്ന മിഷൻ ചലഞ്ച് എല്ലാം ഉത്തരേന്ത്യയെക്കുറിച്ചാണ്. ഉത്തരേന്ത്യയിൽ ദൈവീക ദർശനത്തോടെ പ്രവർത്തിക്കുന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. എന്നാൽ ഉത്തരേന്ത്യയെക്കുറിച്ച് മാത്രം പറഞ്ഞ് നാം മറന്നു പോയ ഒരു മേഖലയാണ് മലബാർ.

തൃശൂരിനപ്പുറം വരുന്ന കേരളത്തിന്റെ പകുതിയോളം വരുന്ന ഭൂപ്രദേശം. കേരളത്തിൽ മൊത്തം ക്രിസ്ത്യാനികളുടെ ശതമാനക്കണക്ക് 19.74 ആണ്. എന്നാൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്, എന്നീ ആറു ജില്ലകളിലെ ക്രിസ്ത്യാനികളുടെ എണ്ണം അവിടെയുള്ള ജനസംഖ്യയുടെ രണ്ടു ശതമാനത്തിൽ താഴെയാണെന്ന് അറിയുമ്പോഴാണ് മലബാർ സുവിശേഷ പ്രവർത്തനത്തിൽ എത്ര പുറകിലാണെന്ന് നാം തിരിച്ചറിയുന്നത്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞതോടെയാണ് മലബാറിൽ സുവിശേഷവേല ചെയ്യുക എന്ന ദർശനം ഞങ്ങൾ ഏറ്റെടുക്കുന്നത്.

***?   മലബാറിൽ ഇപ്പോൾ ധാരാളം സഭകളും പ്രവർത്തനങ്ങളും ഉണ്ടല്ലോ.***

നല്ല നിലയിൽ പ്രവർത്തിക്കുന്ന ധാരാളം സഭകളും പ്രസ്ഥാനങ്ങളും ഇപ്പോൾ മലബാറിൽ ഉണ്ടെന്നത് സത്യമാണ്. ഐപിസി.ക്കും, അസംബ്ലീസ് ഓഫ് ഗോഡിനും ശക്തമായ പ്രവർത്തനങ്ങളും സംഘടനാ സംവിധാനങ്ങളുമുണ്ട്. എന്നാൽ അടുത്ത കാലം വരെ കുടിയേറ്റക്കാരായ ക്രിസ്ത്യാനികൾക്കിടയിലാണ് നമ്മുടെ സഭകൾ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരുന്നത്. മലബാറിലെ നല്ല സഭകളെല്ലാം തന്നെ ഇത്തരം കുടിയേറ്റ മേഖലകളിലാണ്. ഇന്നും ഒരു ക്രിസ്ത്യൻ പള്ളി പോലും ഇല്ലാത്ത നിരവധി പഞ്ചായത്തുകൾ മലബാറിലെ ജില്ലകളിലുണ്ട്. മധ്യതിരുവിതാംകൂറുമായി തുലനം ചെയ്യാനാവാത്ത സാമൂഹ്യ അസമത്വങ്ങളും, ദാരിദ്ര്യവും നിറഞ്ഞ പ്രദേശങ്ങൾ മലബാറിലുണ്ട്. ആദിവാസി മേഖലകൾ ഇന്നും കടുത്ത ചൂഷണത്തിന് വിധേയമാകുന്നു. അൻപത് ശതമാനത്തിലേറെ വരുന്ന മുസ്ലീം ജനങ്ങൾക്കിടയിൽ ക്രമീകൃതമായ ഒരു സുവിശേഷീകരണ പരിപാടിയും ആരും നടത്തുന്നില്ല. ഇന്നുള്ള പ്രവർത്തനങ്ങളുടെ ആയിരം മടങ്ങ് പ്രവർത്തനങ്ങൾ ഇനിയും മലബാറിൽ നടക്കേണ്ടിയിരിക്കുന്നു.

കർത്താവിന്റെ ഗ്രേറ്റ് കമ്മീഷനിൽ ആദ്യം യെരുശലേമിലും, പിന്നെ ശമര്യയിലും പ്രവർത്തിക്കണമെന്നാണ്. നമ്മുടെ യെരുശലേം മധ്യതിരുവിതാംകൂറാണെന്ന് സങ്കൽപ്പിച്ചാൽ ശമര്യയാണ് മലബാർ. അപ്പോൾ രണ്ടാമത് പരിഗണന ലഭിക്കേണ്ട സ്ഥലമാണ് മലബാർ. ഇനി നമ്മുടെ ഭാഷ സംസാരിക്കുന്ന ദേശമാണ് നമ്മുടെ യെരുശലേമായി കണക്കാക്കുന്നതെങ്കിൽ ഒന്നാമത് പരിഗണന ലഭിക്കേണ്ട സ്ഥലത്തിൽ മലബാറും ഉൾപ്പെടും. തുറന്നു പറയട്ടെ, ഉത്തരേന്ത്യൻ ദർശനം നല്ലതാണ്. എന്നാൽ ദൈവം മലയാളി വിശ്വാസികളോട് ആദ്യം കണക്കുചോദിക്കുന്നത് മലയാള ഭാഷ സംസാരിക്കുന്ന മലബാറിലെ ജനത്തെക്കുറിച്ചായിരിക്കും.

***?   മലബാർ ഗോസ്പൽ ട്രാക്റ്റ് സൊസൈറ്റി എന്ന പ്രസ്ഥാനം സഭകൾ സ്ഥാപിക്കുന്ന പ്രവർത്തനത്തിലേക്ക് മാറിയത് എപ്രകാരമാണ്.***

രണ്ടായിരത്തിൽ ഈ പ്രവർത്തനം ആരംഭിക്കുമ്പോൾ ലിറ്ററേച്ചർ മിനിസ്ട്രി എന്ന ലക്ഷ്യമാണുണ്ടായിരുന്നത്. ക്രമീകൃതമായ നിലയിൽ ആ പ്രവർത്തനം നടത്തി. ഇതിനകം ഇരുപത്തഞ്ചോളം മനോഹരമായ ട്രാക്റ്റുകൾ ലക്ഷക്കണക്കിന് കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്തു. അതിന് വേണ്ടി മിഷന്റെ ഭാഗമായി സ്വന്തമായ പ്രിന്റിംഗ് സംവിധാനവും ക്രമീകരിച്ചിരുന്നു.

ട്രാക്റ്റുകൾ വിതരണം ചെയ്തതിലൂടെ പലരും രക്ഷയിലേക്ക് നയിക്കപ്പെട്ടു. അങ്ങനെ രക്ഷിക്കപ്പെട്ടവരെ അവർക്ക് ഏറ്റവും അടുത്തുള്ള ഏതെങ്കിലും പെന്തെക്കോസ്ത് സഭയിലേക്ക് ബന്ധിപ്പിച്ചു കൊടുക്കുക എന്നതാണ് ഞങ്ങൾ ആദ്യഘട്ടത്തിൽ ചെയ്തത്. എന്നാൽ അതിന് നിരവധി പ്രായോഗിക ബുദ്ധിമുട്ട് നേരിടേണ്ടി വന്നു. തീരെ അശരണരും പാവങ്ങളുമായവരെ പല സഭകൾക്കും ഏറ്റെടുക്കുവാൻ ബുദ്ധിമുട്ടുണ്ടായി. മാത്രവുമല്ല, പലർക്കും സഭകളിൽ പോകണമെങ്കിൽ മുപ്പതും നാല്പതും കിലോമീറ്റർ യാത്ര ചെയ്യേണ്ടി വരുന്നു. ക്രമേണ രക്ഷിക്കപ്പെട്ട പലരും പിന്മാറിപ്പോകുന്നത് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടു. അപ്പോഴാണ് സഭകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സഭകൾ ആരംഭിക്കുക എന്ന ദർശനം ഞങ്ങൾക്ക് ലഭിക്കുന്നത്. അങ്ങനെയാണ് ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഇന്ത്യാ എന്ന പേരിൽ സഭ രജിസ്ട്രേഷൻ ചെയ്ത് പ്രവർത്തനമാരംഭിച്ചത്. വളരെ വേഗം സഭകൾ സ്ഥാപിതമായി. എല്ലാം ചെറിയ സഭകളാണെങ്കിലും ഇപ്പോൾ 24 പ്രവർത്തനങ്ങൾ നടന്നു വരുന്നു. പതിനേഴ് പൂർണ്ണസമയ പ്രവർത്തകർ പ്രസ്ഥാനത്തിലുണ്ട്. ഒരു സഭ പോലും മറ്റു പ്രസ്ഥാനങ്ങളിൽ നിന്ന് ഏറ്റെടുത്തതോ സഭയായി വന്നതോ അല്ല. എല്ലാ പ്രവർത്തനങ്ങളും ഞങ്ങൾ പയനിയർ ചെയ്ത് സ്ഥാപിച്ചവയാണ്.

***?   എന്തൊക്കെയാണ് നിങ്ങളുടെ പ്രവർത്തനരീതികൾ.***

ട്രാക്റ്റ് വിതരണം, പരസ്യയോഗം, ഭവന സന്ദർശനം, രോഗികൾക്കായുള്ള പ്രാർത്ഥന, ഉപവാസ യോഗം, ഫിലിം പ്രദർശനം തുടങ്ങി സുവിശേഷ പ്രവർത്തനത്തിന്റെ എല്ലാ മാർഗ്ഗങ്ങളും ഞങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഇപ്പോൾ പരസ്യയോഗത്തിനും മറ്റും ശക്തമായ പ്രതികൂലമുണ്ട്. അത്തരം സ്ഥലങ്ങളിൽ മറ്റ് മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തും. പിന്നീട് വർക്കേഴ്സിനെ കിട്ടുന്നതനുസരിച്ചും ഫണ്ടിന്റെ അവയ്ലിബിലിറ്റി അനുസരിച്ചും സഭകൾ ഇല്ലാത്ത മേഖലകളിൽ വീട് വാടകെക്കെടുത്ത് പ്രവർത്തകരെ നിയമിക്കും. ആരാധനക്ക് ആളുകൾ ആകുന്നതോടെ സ്വന്തമായി സ്ഥലം വാങ്ങി ചെറിയ നിലയിലുള്ള ആരാധനാലയം പണിയിക്കും.

മലബാറിലെ ഉൾനാടൻ ഗ്രാമങ്ങൾ വലിയ ചൂഷണത്തിന്റെ സ്ഥലങ്ങളാണ്. പാവങ്ങളായ ജനങ്ങളെ രാഷ്ട്രീയക്കാരും മുതലാളിമാരും ഒക്കെ മുതലെടുക്കും. കടുത്ത ദാരിദ്ര്യം, ആരോഗ്യപ്രശ്നങ്ങൾ, കുടിവെള്ളമില്ലായ്മ, വിദ്യാഭ്യാസ സൗകര്യങ്ങളില്ലായ്മ, എന്നിവയൊക്കെ ഈ പ്രദേശത്തിന്റെ ഭാഗമാണ്. അതിനാൽ ഞങ്ങൾ സഭാ സമുദായ മത പരിഗണനകൾ ഒന്നുമില്ലാതെ ധാരാളം ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നുമുണ്ട്. കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ സഹായങ്ങൾ നൽകുക, ചികിത്സാ സഹായം, വീടുവച്ചു കൊടുക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പ്രസ്ഥാനത്തിന്റേതായി നടത്തുന്നു. ഇത്തരം സഹായങ്ങൾ അതാത് പഞ്ചായത്ത് അധികൃതരുടെ കൂടെ സഹകരണത്തോടെ അർഹരായവരെ കണ്ടെത്തി നൽകുകയാണ് പതിവ്. ഞങ്ങളുടെ പരിമിതമായ സാമ്പത്തിക സാധ്യതകളാണ് ഇതിനുപയോഗിക്കുന്നത്. ആവശ്യമായതിന്റെ ഒരു ശതമാനം ചാരിറ്റി പ്രവർത്തനം നടത്തുവാൻ പോലും ഞങ്ങൾക്ക് സാധിക്കുന്നില്ലെന്നതാണ് വാസ്തവം.

**?   എങ്ങനെയാണ് ഈ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നത്.**

ഗോസ്പൽ ഫോർ മലബാർ എന്ന പേരിൽ അമേരിക്കയിൽ രജിസ്റ്റർ ചെയ്ത ഒരു പ്രസ്ഥാനമാണ് ഇതിന്റെ പിന്നിലുള്ളത്. മലയാളികൾ മാത്രമുള്ള ഈ പ്രസ്ഥാനം അംഗങ്ങളുടെയും അവരുടെ സ്നേഹിതരുടെയും കുടുംബാംഗങ്ങളുടെയും മനഃപ്പൂർവ്വ ദാനങ്ങൾ കൊണ്ടാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്.

**?   ഈ അടുത്ത കാലത്ത് മലബാറിൽ ചില പ്രശ്നങ്ങൾ ഉണ്ടായതിനെക്കുറിച്ച്?.**

മലബാറിലെ സുവിശേഷവേല എന്നത് നിസ്സാരമായി ചെയ്യാവുന്ന കാര്യമല്ല. വേല ശക്തമായി വളർന്നു വന്നപ്പോൾ ഇതിനെ തകർത്തുകളയുവാൻ ശത്രു എല്ലാ ശ്രമങ്ങളും നടത്തി. പിശാചിന്റെ രാജ്യത്തെ കൊള്ള ചെയ്യുന്ന പ്രവർത്തിയാണല്ലോ സുവിശേഷ വേലക്കാർ ചെയ്യുന്നത്. അപ്പോൾ പിശാച് അടങ്ങിയിരിക്കില്ല. ശക്തമായ നിലയിൽ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത ചിലരെത്തന്നെ ഇതിനെ ഇല്ലാതാക്കുവാൻ സാത്താൻ ഉപയോഗിക്കുവാൻ ശ്രമിച്ചു. എന്നാൽ ശക്തമായ പ്രാർത്ഥനയുടെ ഫലമായി പ്രശ്നങ്ങളെ അതിജീവിക്കുവാനും പ്രവർത്തനങ്ങൾ കൂടുതൽ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകുവാനും ദൈവം വഴിയൊരുക്കി. ഇപ്പോഴും സാത്താന്റെ ശക്തമായ വെല്ലുവിളി ഈ പ്രസ്ഥാനത്തിനെതിരെയുണ്ട്. ദൈവജനത്തിന്റെ ശക്തമായ പ്രാർത്ഥന ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**?   എന്താണ് നിങ്ങളുടെ ഭാവി പദ്ധതികൾ.**

സഭകൾ ഉണ്ടായിടങ്ങളിൽ സ്ഥലം വാങ്ങി ഹോളുകൾ പണിയണം. കൂടുതൽ പ്രവർത്തനങ്ങൾ ആരംഭിക്കണം. ചാരിറ്റി പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കണം. പ്രവർത്തകരെ പരിശീലിപ്പിക്കുവാൻ ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കണം.

**സഭാ നേതൃത്വം**

എഫ്.ജി.പി.സി.ഐ.യുടെ കേരളത്തിലെയും തമിഴ്നാട്ടിലെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് വർഷാ വർഷം ശുശ്രൂഷകന്മാരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന കമ്മറ്റിയാണ്.

ഇപ്പോൾ പാസ്റ്റർ രാജൻ മാത്യു (പുൽപ്പള്ളി) പ്രസിഡന്റായും പാസ്റ്റർ കെ.കെ.തങ്കച്ചൻ (തലപ്പുഴ) സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

ഈ പ്രവർത്തനങ്ങളോട് സഹകരിച്ച് പ്രവർത്തിക്കുവാൻ താത്പര്യമുള്ള ബൈബിൾ കോളജ് പഠനം പൂർത്തിയാക്കിയ സുവിശേഷകർ ബന്ധപ്പെടുക.

പ്രസിഡന്റ് – 98479 32111
സെക്രട്ടറി– 9961319517

## GFMI ഡയറക്ടർ ബോർഡ്

| | | |
|---|---|---|
| റവ.ഉമ്മൻ ഏബ്രഹാം | - | സ്ഥാപക പ്രസിഡന്റ് |
| റവ.കുര്യൻ ടി.മാത്യു | - | സ്ഥാപക ജനറൽ സെക്രട്ടറി |
| അനിയൻകുഞ്ഞ് പി.ഒ. | - | ട്രഷറാർ |

എൻ.ടി.തോമസ് (ജോ.സെക്രട്ടറി), സി.ഒ.ജോൺ, സന്തോഷ് ജോർജ്ജ്, ഉമ്മൻ പി.ചാക്കോ, ഒ.ജോർജ്ജ്, ജോൺ തോമസ്, ഡെന്നീസ് ജോൺ, ജോർജ്ജ് ഇടക്കുളം, കെ.വി.വർഗീസ്, മത്തായി മാത്യു, വിനോദ് സിംഹൻ. (അംഗങ്ങൾ)

## പ്രവർത്തകരും സ്ഥലങ്ങളും

| | | |
|---|---|---|
| പാസ്റ്റർ രാജൻ മാത്യു | - | കൽപ്പറ്റ |
| പാസ്റ്റർ കെ.കെ.തങ്കച്ചൻ | - | തലപ്പുഴ |
| പാസ്റ്റർ പി.പി.ബേബി | - | കോറം |
| പാസ്റ്റർ സക്കായി ഇ. വൈ | - | ചൂരൽമല |
| പാസ്റ്റർ ടി.എം.രാജീവ് | - | തോമാട്ടുചാൽ |
| പാസ്റ്റർ ജോയ് കുര്യാക്കോസ് | - | പടിഞ്ഞാറത്തറ |
| പാസ്റ്റർ പ്രിൻസ്. റ്റി | - | തൃശ്ശിലേരി |
| പാസ്റ്റർ ജോയ് ജേക്കബ് | - | മേപ്പാടി |
| പാസ്റ്റർ മോൻസി പീറ്റർ | - | വൈത്തിരി |
| പാസ്റ്റർ നിതീഷ് എ.വി | - | പൊഴുതന |
| പാസ്റ്റർ എം.എൽ. മാത്യു | - | അർപ്പട്ട |
| പാസ്റ്റർ ബിനീഷ് കെ.എസ് | - | പുഞ്ചകൊല്ലി |
| പാസ്റ്റർ സ്കറിയാ ജോർജ്ജ് | - | അണക്കര |
| പാസ്റ്റർ എസ്. രാജാ | - | പെരുംതുറൈ, ഉറമന്തപാളയം |
| പാസ്റ്റർ എം.ബൈജു | - | തിണ്ടൽമേട്, സേലം |
| പാസ്റ്റർ സാമുവേൽ രാജ് | - | കൊല്ലപെട്ടി |
| പാസ്റ്റർ വി. ഏലിഷാ മുത്തുരാജ് | - | തിരുപ്പൂർ |

ഇവരിൽ ചില ദൈവദാസന്മാർ ഒന്നിലധികം സഭാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

**For more information and contact in USA: GFMI, Post Box 2267, New Hyde Park, NY-11040,
Phone: 516 263 5989, 516 621 0017, email: oabraham44@yahoo.com, ktmathew92@gmail.com**

## സഹായ വിതരണം




**കോഴിക്കോട്:** ഐ.പി.സി.ടാബർനാക്കിൾ ഡാളസ് സഭയിലെ യുവജനങ്ങളുടെ ധനശേഖരണാർത്ഥം ഐ.പി.സി.പേരാമ്പ്ര വ്യാപാര ഭവനിൽ 180 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകി. ഏരിയാ പാസ്റ്റർ എം.എ.മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ ജില്ലാ പഞ്ചായത്ത് മെമ്പർ കാവിൽ പി.മാധവൻ വിതരണം നടത്തി. പാസ്റ്റർ സാബു നേതൃത്വം നൽകി.

## ചർച്ച് ഓഫ് ഗോഡ്: ബോർഡ് ഭാരവാഹികൾ



*പാസ്റ്റർ പി. സി ചെറിയാൻ, പാസ്റ്റർ ജോസ് ബേബി, ഏബ്രാഹാം ഫിലിപ്പോസ്, പാസ്റ്റർ ബെൻസ് എബ്രഹാം, ജേക്കബ് ഇട്ടി*

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് മിഷൻ ബോർഡ് പ്രഥമ ചെയർമാനായി പാസ്റ്റർ പി. സി ചെറിയാൻ നിയമിതനായി. ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടർ, റാന്നി ഈസ്റ്റ് ഡിസ്ട്രിക്ട് പാസ്റ്റർ എന്നീ നിലകളിലും സേവനം അനുഷ്ഠിക്കുന്നു.

കേരളാ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ചെയർമാനായി പാസ്റ്റർ ജോസ് ബേബിയും സെക്രട്ടറിയായി ഏബ്രഹാം ഫിലിപ്പോസും നിയമിതരായി. സൺഡേസ്കൂൾ പ്രസിഡന്റായി പ്രവർത്തിക്കുകയായിരുന്ന പാസ്റ്റർ ജോസ് ബേബി തിരുവനന്തപുരം ഡിസ്ട്രിക്റ്റ് പാസ്റ്ററുമാണ്. പ്ലാനിംഗ് ബോർഡ് സെക്രട്ടറി ഏബ്രഹാം ഫിലിപ്പോസ് ദീർഘ നാളുകൾ ഗൾഫിലും, അമേരിക്കയിലും ജോലിയിൽ ആയിരുന്നു.

ചാരിറ്റി ആൻഡ് വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടറായി നിയമിതനായ പാസ്റ്റർ ബെൻസ് എബ്രഹാം സ്റ്റേറ്റ് കൗൺസിൽ മെമ്പർ, അഞ്ചൽ ഡിസ്ട്രിക് പാസ്റ്റർ എന്നീനിലകളിലും സേവനം അനുഷ്ഠിക്കുന്നു.

ചാരിറ്റിഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി ബ്രദർ ജേക്കബ് ഇട്ടി മുൻ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ വി.സി. ഇട്ടിയുടെ മകനാണ്. ചാരിറ്റി & വെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ പ്രഥമ ഡയറക്ടറുമായിരുന്നു.

## പാസ്റ്റേഴ്സ് ഫാമിലി സെമിനാർ

**പത്തനംതിട്ട:** ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പത്തനംതിട്ട ഡിസ്ട്രിക്റ്റ് പാസ്റ്റഴ്സ് ആൻഡ് ഫാമിലി സെമിനാർ അരീക്കക്കാവ് ശാരോൻ ചർച്ചിൽ വച്ച് നടന്നു. ഡിസ്ട്രിക്റ്റ് ആക്ടിംഗ് മിനിസ്റ്റർ പാസ്റ്റർ വി ജെ തോമസ് ഉദ്ഘാടനം ചെയ്തു. ഡോ. സജി കെ പി ക്ലാസ് എടുത്തു.

## ഭാരവാഹികൾ

**ചെങ്ങന്നൂർ:** എ.ജി.ചെങ്ങന്നൂർ സെക്ഷന്റെ ഭാരവാഹികളായി റവ.വിത്സൻ ഡാനിയേൽ (പ്രസ്ബിറ്റർ), റവ.സാമുവേൽകുട്ടി വി.ജെ.(സെക്രട്ടറി), റവ.വി.സി.ജോർജ്ജുകുട്ടി (ട്രഷറാർ), ഡി.വർഗീസ്, വി.എസ്.ജയിംസ് എന്നിവരെ കമ്മറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു. മധ്യമേഖലാ ഡയറക്ടർ റവ.എ.ബനാൻസിയോസ് അധ്യക്ഷത വഹിച്ചു.

## സെമിനാറും വെബ്സൈറ്റ് ഉദ്ഘാടനവും

**തിരുവല്ല:** മിഷൻ ജൂഡ് ത്രീയുടെ നേതൃത്വത്തിൽ തിരുവല്ല ബിലീവേഴ്സ് ചർച്ച് യൂത്ത് സെന്ററിൽ ജൂൺ 29ന്, എന്തുകൊണ്ട് പെന്തക്കൊസ്ത്?" എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. പാസ്റ്റർ സാജൻ തോമസിന്റെ അദ്ധ്യക്ഷതയിൽ, സുവി.ജെ.സി.ദേവ്, മിഷൻ ജൂഡ് ത്രീയുടെ ഡയറക്ടർ ജോർജ്ജ് ജോൺ എന്നിവർ പ്രസംഗിച്ചു. മലയാളത്തിലെ ആദ്യത്തെ പെന്തക്കൊസ്ത് അപ്പൊളജറ്റിക്സ് വെബ്സൈറ്റായ www.amazingtruth.org-ന്റെ ഉദ്ഘാടനം ജെ.സി.ദേവ് നിർവ്വഹിച്ചു.



*സുവിശേഷകൻ ജെ.സി.ദേവ് വെബ്സൈറ്റിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നു. ജോർജ്ജ് ജോൺ സമീപം.*

**വെണ്ണിക്കുളത്ത് വസ്തു വിൽപ്പനയ്ക്ക്**

വെണ്ണിക്കുളം തിരുവല്ല റോഡിൽ നിന്ന് മുക്കാൽ കിലോമീറ്റർ മാറി 1 ഏക്കർ 23 സെന്റ് വസ്തുവും 1200 സ്ക്വയർ ഫീറ്റ് 3 ബെഡ്റൂം കോൺക്രീറ്റ് വീടും വിൽപ്പനക്ക്. വിസ്തുവിൽ 250 മൂട് റബർ പ്ലാന്റ് ചെയ്തിട്ടുണ്ട്

**കൂടുതൽ വിവരങ്ങൾക്ക് : 9447802967**



# ശാസ്ത്രവും സമ്മതിക്കുന്നു അന്യഭാഷക്ക് ശക്തിയുണ്ട്

4-ാം പേജ് തുടർച്ച

(immune system) യിലേക്ക് കൂടുതലായി സ്രവിക്കപ്പെടുന്നു. ഇത് രോഗപ്രതിരോധശേഷിയെ 30 മുതൽ 45 ശതമാനത്തോളം വർദ്ധിപ്പിക്കുന്നു. നമ്മുടെ ഉള്ളിൽത്തന്നെ രോഗസൗഖ്യം വേഗതയിലാക്കുവാനും ഇത് കാരണമാകുന്നു. ആത്മാവിലുള്ള പ്രാർത്ഥനയിൽ അഥവാ അന്യഭാഷ സംസാരിക്കുമ്പോൾ മാത്രമേ ഇത് സംഭവിക്കൂ എന്നതാണ് ഡോക്ടർ കാൾ പീറ്റേഴ്സൺ കണ്ടെത്തിയിരിക്കുന്നത്.

ബൈബിൾ മുമ്പേ നടക്കും; ആദ്യം കുറ്റപ്പെടുത്തിയിട്ട് അത് തെളിയിച്ചു കൊണ്ട് ശാസ്ത്രം പിറകേ നടക്കും. അന്യഭാഷയുടെ കാര്യത്തിലും അതു തന്നെയാണ് സംഭവിച്ചിരിക്കുന്നത്. അനേകം ഉപകരണങ്ങളുടെ ഉടമ്പടിയോടുകൂടി ധാരാളം പണച്ചിലവോടെ ശാസ്ത്രം അന്യഭാഷയെപ്പറ്റി കണ്ടെത്തിയ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ നമ്മുടെ അപ്പച്ചന്മാരുടെയും അമ്മച്ചിമാരുടെയുമൊക്കെ സന്തോഷവും പ്രത്യാശയും ആരോഗ്യവും കണ്ടാൽ മതി. വാ തോരാതെ അന്യഭാഷയും പ്രാർത്ഥനയുമായി നടന്നിരുന്ന അവർ പുറപ്പെടുവിച്ച ഊർജ്ജം ഇന്ന് ദർശിക്കാനേ ഇല്ല എന്നതാണ് സത്യം.

ശാസ്ത്രവും സമ്മതിച്ചല്ലോ, അന്യഭാഷ നിസ്സാരമല്ലെന്ന്! അതു കൊണ്ട് രണ്ട് അന്യഭാഷ പറയാമെന്ന് കരുതി വെറുതെ പറയണ്ട. അത് നെയ്യപ്പം വാങ്ങുമ്പോൾ തലേൽ പുരട്ടാൻ കുറച്ച് എണ്ണമയം കിട്ടുന്നതുപോലെയുള്ളു. അന്യഭാഷയുടെ ഭൗതികമായ പ്രയോജനത്തേക്കാളുപരി ആത്മീയമായ അനുഗ്രഹങ്ങൾ പങ്കുവയ്ക്കുവാനാണ് നാം ശ്രമിക്കേണ്ടത്.

1കൊരി.14:39-ൽ പൗലോസ് നിഷ്ക്കർഷിക്കുന്നത്, "അന്യഭാഷയിൽ സംസാരിക്കുന്നത് വിലക്കരുത്" എന്നാണ്. മൈക്ക് കിട്ടുമ്പോഴും സ്റ്റേജ് കിട്ടുമ്പോഴുമൊക്കെ മാത്രം അന്യഭാഷ പറയുന്നവരുണ്ട്. അന്യഭാഷ പറയുന്നതിനൊപ്പം ദുർഭാഷ സംസാരിക്കുന്നവരും കുറവല്ല. എന്നാൽ പരിശുദ്ധാത്മാവിൽ നിറഞ്ഞ് ദൈവവുമായി അന്യഭാഷയിൽ സംസാരിക്കുന്നവർക്ക് ആത്മീയ അനുഭവങ്ങൾക്കൊപ്പം ദൈവം വച്ചിട്ടുള്ള ശാരീരിക നന്മയും ലഭിക്കും എന്നതിന് സംശയമില്ല.

# ഉദ്ഘാടനം ചെയ്തു



**കോഴിക്കോട്:** എലിയോറ മാനേജ്മെന്റ് സ്കൂൾ ആൻഡ് പ്രോഫഷണൽ ഡവലപ്പമെന്റ് എന്ന സ്ഥാപനം ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ ജയിംസ് ഉദ്ഘാടനം ചെയ്തു. എലിയോറ ലോഗോ ഷാലോം പബ്ലിക് സ്കൂൾ അഡ്മിന്സ്ട്രേറ്റർ ബ്രദർ കെ. എബ്രാഹാമിന് കൈമാറിക്കൊണ്ടാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. ഡോ. എബി തോമസ് അക്കാഡമിക് തലവനായും തോമസ് എബ്രഹാം സ്ഥാപനത്തിന്റെ ഡയറക്ടറുമായി സേവനം അനുഷ്ടിക്കുന്നു.

# ഭാരവാഹികൾ



ഡോ.ബാബു കെ.വർഗീസ്



ഡോ.സി.വി.വടവന

**ഹൈദ്രബാദ്:** ജൂൺ 14-ന് ഹൈദ്രബാദിൽ നടന്ന സമ്മേളനത്തിൽ ക്രിസ്ത്യൻ ലിറ്ററേച്ചർ & മീഡിയാ അസോസിയേഷന്റെ ഇന്ത്യയിലെ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഡോ.ബാബു കെ.വർഗീസ് (മീഡിയാ കൺസൾട്ടന്റ്, മുംബൈ), ഡോ.സി.വി.വടവന (സത്യം പബ്ലിക്കേഷൻസ്) എന്നിവർക്കൊപ്പം വൈസ് ചെയർമാനായി റവ.കെ.സി.ജോൺ (പവ്വർ വിഷൻ), ജോണി കെ.ജെ. (ഒ.എം.ബുക്സ് ഇന്റർനാഷണൽ), റവ.ആശിഷ് മോസസ് (ഐ.എസ്.പി.സി.കെ, ഡൽഹി), റവ.മാണി ചാക്കോ (ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ), ഡോ.മാത്യു വർഗീസ് (ബൈബിൾ ടവർ, കേരള), ക്രിസ്റ്റഫർ റോബർട്സ് (ഇവാ.ലിറ്ററേച്ചർ സർവ്വീസ്)എന്നിവരും ട്രഷററായി ബിഷപ്പ് സണ്ണി ഏബ്രഹാം, ജോ.സെക്രട്ടറിമാരായി അച്ചൻകുഞ്ഞ് ഇലന്തൂർ (മരുപ്പച്ച മാസിക), ചാർലി ആമ്രോ(ക്യാമ്പസ് ക്രൂസേഡ്, ബാംഗ്ലൂർ) എന്നിവരെയും തിരഞ്ഞെടുത്തു. ജൂലൈ മൂന്നു മുതൽ അമേരിക്കയിലെ സെന്റ് ലൂയിസിൽ നടന്ന ലോകപുസ്തകമേളയിൽ ഇന്ത്യൻ പ്രതിനിധികൾ പങ്കെടുത്തു.

**ആലുവ:** ഐ.പി.സി.ആലുവാ സെന്ററിന്റെ ഭാരവാഹികളായി പാസ്റ്റർ സ്റ്റീഫൻ മാത്യു (പ്രസിഡന്റ്), പാസ്റ്റർ ജോസഫ് മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ എം.എ.ജോയി (സെക്രട്ടറി), വിൽഫ്രഡ് (ജോ.സെക്രട്ടറി), സുനിൽ മാത്യു (ട്രഷറാർ), പാസ്റ്റർ ഷിനോ ജോർജ്ജ് (സൺഡേസ്കൂൾ പ്രതിനിധി) പി.വി.പ്രശാന്ത് (പി.വൈ.പി.എ), പാസ്റ്റർ ഫിന്നി (ഇവാഞ്ചലിസം ബോർഡ്) എന്നിവരെ തിരഞ്ഞെടുത്തു.


സ്വതന്ത്ര സഭകളെ ക്ഷണിച്ചുകൊള്ളുന്നു

ഡോറിയ മിഷൻ ഇന്റർനാഷണൽ കഴിഞ്ഞ 10 വർഷമായി കർത്താവിന്റെ മഹത്വമുള്ള ശുശ്രൂഷയിൽ അന്തർദേശീയമായി പ്രവർത്തിച്ചുവരുന്നു. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരെ വാർത്തെടുക്കുക എന്ന മഹത്വകരമായ ദർശനത്തിൽ ആരംഭിച്ചതാണ് ഈ പ്രവർത്തനം. ഈ പ്രവർത്തനത്തിന്റെ ഫലമായി 40ൽപരം സഭകൾ ഡി.എം.ഐ.യ്ക്കുണ്ട്.

ഇന്ത്യയിലും വിദേശത്തുമായി പ്രവർത്തിച്ചുവരുന്ന സ്വതന്ത്രസഭകളെ ക്ഷണിച്ചുകൊള്ളുന്നു. ആത്മീയതയ്ക്ക് പ്രാധാന്യം നൽകുന്ന ശുശ്രൂഷയിൽ വളരുവാൻ ആഗ്രഹിക്കുന്നതുമായ സഭകൾക്ക് മുൻഗണന. താല്പര്യമുള്ള സഭകൾ നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി ഞങ്ങൾക്ക് കത്ത് മുഖേനയോ ഇ-മെയിലിലോ എഴുതുക.

General Secretary
DORIYA MISSION INTERNATIONAL (Head Quarters)
P.O. Box- 46, Moonnamkara Jn., Cherthala,
Alappuzha (Dist), Kerala, India - 688 524
Mobile : +91 9847 900 722, 9349 300 803 / e-mail : doriyamission12@gmail.com



ജോർദ്ദാൻ -> പാലസ്തീൻ -> ഇസ്രയേൽ -> സീനായ് -> ഈജിപ്ത്

യെരുശലേമിലേക്ക്




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ

എല്ലാ മാസവും ടൂറുകൾ

പ്രത്യേകതകൾ
- സ്റ്റാർ ഹോട്ടലുകളിൽ താമസം
- മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം
- മികച്ചയാത്രാ സൗകര്യങ്ങൾ
- ഷോപ്പിംഗ് അവസരങ്ങൾ
- ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും
- പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

അടുത്തയാത്ര സെപ്തംബർ 16

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

- ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
- എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.

യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക
ഫോൺ: 0469 2634321 / 9847166994

കൂടുതൽ വിവരങ്ങൾക്ക്
MARUPPACHA
PLANTHOTTAM COMPLEX, TIRUVALLA - 1, PHONE : 0469-2634321
Website : www.marupacha.com. E-mail : maruppacha@yahoo.com



B.SC NURSING, GNM, POST B.SC.NURSING

മെഡിക്കൽ കോളജിനോടനുബന്ധിച്ച് ഏറ്റവും കുറഞ്ഞ ഫീസ്, പൂർണ്ണ സുരക്ഷിതത്വം, റാഗിംഗ് അല്പം പോലുമില്ല. പെൺകുട്ടികൾ മാത്രം.

സാമ്പത്തിക പ്രയാസം മൂലം നഴ്സിംഗ് പഠനം ആഗ്രഹിച്ചിട്ടും സാധിക്കാത്തവരുടെ പ്രത്യേക ശ്രദ്ധക്ക്:

4 year total package 2,50,000 (including four years fees, Hostel, Uniform, Text-books, Lab fees, library fees, community charges, psychiatry postings, University registration, university eligibility) 2,50,000 രൂപ വാടകവീട്ടിൽ താമസിക്കുന്നവർക്ക് പോലും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതാണ്. അതിനാൽ എത്ര സാമ്പത്തിക പ്രയാസമുള്ളവർക്കും B.Sc Nursing പഠിക്കുവാൻ ഇത് തക്കസമയം. കേരളത്തിൽ അലോട്ട്മെന്റ് കാത്തുനില്ക്കുന്നവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

ICPF-ൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പാസ്റ്റർ സാം ഫിലിപ്പ് (എം.ഡിവ്), ഭാര്യ ബീനാ സാം കുടുംബമായി കോളജിനടുത്ത് താമസിച്ച് ക്യാമ്പസിനുള്ളിൽ ആരാധനയും പ്രാർത്ഥനയും നടത്തുന്നു. രക്ഷകർത്താക്കൾ കോളജിൽ വരുമ്പോൾ പാസ്റ്റർ സാം ഫിലിപ്പിന്റെ ഭവനത്തിൽ താമസിക്കുന്നതിനും അവസരമുണ്ട്. യുവജനങ്ങളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്ന പ്രശസ്തരായ ദൈവദാസന്മാർ ഇടയ്ക്കിടെ ക്യാമ്പസ് സന്ദർശിച്ചും പ്രത്യേക മീറ്റിംഗുകൾ നടത്തുകയും ചെയ്യുന്നു. വിശ്വാസികളും, വിദ്യാർത്ഥികളെ സ്വന്തം മക്കളെപ്പോലെ കരുതി സ്നേഹിക്കുന്ന 3 മലയാളി വനിതാ വാർഡന്മാരും ഇവിടുണ്ട്. മാസത്തിൽ ഒരു പ്രാവശ്യമേ ക്യാമ്പസ് വിട്ടു പുറത്തു പോകുവാൻ വിദ്യാർത്ഥികൾക്ക് അനുവാദമുള്ളു. അവധിക്ക് വരികയും തിരികെ പോകുകയും ചെയ്യുമ്പോഴും എല്ലാ വിദ്യാർത്ഥികളും ഒരുമിച്ച് വാർഡന്മാരോടൊപ്പം വരികയും പോകുകയും ചെയ്യുന്നതിനാൽ യാത്ര പൂർണ്ണ സുരക്ഷിതമാണ്.

അഡ്മിഷൻ താത്പര്യപ്പെടുന്ന വിദ്യാർത്ഥികൾ രക്ഷാകർത്താക്കളോടൊപ്പം കൊച്ചുവേളി, ഹൂബ്ലി ട്രെയിനിൽ ബിരൂർ സ്റ്റേഷനിൽ ഇറങ്ങി ഒരു മണിക്കൂർ യാത്ര ചെയ്താൽ സൗത്ത് ഇന്ത്യയിലെ മികച്ച മെഡിക്കൽ കോളജുകളിലൊന്നായ സുബ്ബയ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന നഴ്സിംഗ് കോളജ് ക്യാമ്പസിൽ എത്താവുന്നതാണ്. സാമ്പത്തിക പ്രയാസമുള്ളവർ ഇപ്പോൾ 100 രൂപ മാത്രം അടയ്ക്കുക. നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതു വരെ ഫീസ് അടയ്ക്കുവാൻ സാവകാശം നല്കുന്നതാണ്.

12 വർഷമായി മികച്ച നിലയിൽ പ്രവർത്തിക്കുന്ന ഈ നേഴ്സിംഗ് കോളജിൽ ചേർന്ന് പഠിക്കുന്നത് എന്തുകൊണ്ടും അഭികാമ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക്:
Kerala Admission Helpline - 04828324598
Warden: 09241582276, 08281226351

## യാത്രയായവർ

### പാസ്റ്റർ എം.മോഹൻ ദാസ്



**ചെന്നൈ:** ദി പെന്തെക്കോസ്ത് മിഷൻ അഡയാർ സെന്റർ പാസ്റ്റർ എം.മോഹൻ ദാസ് (59) ജൂൺ 30-ന് നിര്യാതനായി. സംസ്കാര ശുശ്രൂഷ ജൂലൈ 2-ന് മരുവല്ലി ടിപിഎം.സഭാ സെമിത്തേരിയിൽ ഡപ്യൂട്ടി ചീഫ് പാസ്റ്റർ വെസ്ലി പീറ്റർ, അസോഡപ്യൂട്ടി ചീഫ് പാസ്റ്റർ എൻ സ്റ്റീഫൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തി. 41-ൽപരം വർഷം തിരുവനന്തപുരം, നാഗർകോവിൽ, കോട്ടയം, മധുരൈ, ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിൽ സുവിശേഷപ്രവർത്തകനായിരുന്നു. തിരുവനന്തപുരം വെള്ളനാട് ഗ്രേസ് വില്ലയിൽ കുടുംബാംഗമാണ്.

### കെ.എം.മത്തായി



**നിലമ്പൂർ:** കരുളായി ഐ.പി.സി.സഭാംഗം കീച്ചേരിയിൽ ടെഡ്രേയസ് ഉടമ കെ.എം.മത്തായി ജൂൺ 17-ന് നിര്യാതനായി. സംസ്ക്കാരം പുല്ലഞ്ചേരി സഭാ സെമിത്തേരിയിൽ പാസ്റ്റർ പി.സി.മാത്യുവിന്റെ അദ്ധ്യക്ഷതയിൽ സെന്റർ പാസ്റ്റർ വി.ജെ.ജോർജ്ജ് നടത്തി. ഹാലേലൂയ്യായ്ക്ക് വേണ്ടി സാം കെ.തോമസ് അനുശോചനം അറിയിച്ചു. ഭാര്യ ശോശാമ്മ ബുധന്നൂർ കോലേത്ത് പുത്തൻപുരയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: കെ.എം.വർഗീസ്, ലിസി, റോയി, വൽസ, കൊച്ചുമ്മൻ, ജെസ്സി, ഷിബു. മരുമക്കൾ: ഏലിയാമ്മ, ജോർജ്ജുകുട്ടി, ബീന പരേതനായ ഏബ്രഹാം, മിനി, സജി, സിമി

### കെ.പി.ബെന്നിക്കുട്ടി



**തിരുവനന്തപുരം:** റാന്നി ഐത്തല കുര്യയ്ക്കൽ കെ.പി.ബെന്നിക്കുട്ടി (77) നിര്യാതനായി. സംസ്ക്കാര ശുശ്രൂഷ കേശവദാസപുരത്തുള്ള പാസ്കോ മിനി ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം ശ്രീകാര്യം ഐ.പി.സി.സഭയുടെ നേതൃത്വത്തിൽ മലമുകൾ സെമിത്തേരിയിൽ നടന്നു. ഭാര്യ: ഗ്രേസി (റാന്നി പുളിമൂട്ടിൽ). മക്കൾ: സജി-സാലി (കുക്കു റ്റിംബേഴ്സ് തിരുവനന്തപുരം, റജി-ജോമി (ബെൻ വുഡ് ഹൗസ്, മുട്ടുമൺ), ബിജി-റീനി (കാനഡ), എബി-ഡാലി (കാനഡ), സോജി-എൽദോ

### റവ.എം.എസ്.ജോർജ്ജ്



**ചിക്കാഗോ:** ഇലന്തൂർ ചക്കാലയിൽ മേലേതിൽ പരേതനായ സി.കെ.സ്കറിയായുടെയും ഏലിയാമ്മയുടെയും മകൻ റവ.എം.എസ്.ജോർജ്ജ് (79) നിര്യാതനായി. ചേത്തയ്ക്കൽ പൊയ്കയിൽ കുഞ്ഞമ്മ ജോർജ്ജാണ് ഭാര്യ. കനകപ്പലം മാർത്തോമ്മ സ്കൂൾ അദ്ധ്യാപകനായിരുന്നു. 1970-ലാണ് ന്യൂയോർക്കിൽ പ്രവാസ ജീവിതം ആരംഭിക്കുന്നത്. 1972-ൽ ചിക്കാഗോയിലേക്ക് താമസം മാറിയ അദ്ദേഹം കുക്ക് കൗണ്ടി ഹോസ്പിറ്റൽ ജീവനക്കാരനായി ദീർഘകാലം പ്രവർത്തിച്ചു.

വിത്സൻ ജോർജ്ജ്, സ്കറിയാ ജോർജ്ജ്, ജോസഫ് ജോർജ്ജ് (ലൂയി ചിക്കാഗോ), ഷേർലി ഫിലിപ്പ്, വില്യം ജോർജ്ജ്, സാം ജോർജ്ജ് എന്നിവർ മക്കളും ഷീല, ഷൈനി, ഷാജി, ലൗലി, ശ്വേത എന്നിവർ മരുമക്കളുമാണ്. പരേതനായ പാസ്റ്റർ കൊച്ചുകോശി, ചെല്ലമ്മ ജോർജ്ജ് എന്നിവരും പൊന്നമ്മ ജോൺ, റവ. എം.എസ്.സാമുവേൽ, കുഞ്ഞമ്മ കുഞ്ഞൂഞ്ഞ് എന്നിവർ സഹോദരങ്ങളുമാണ്.

ഇന്ത്യാ ദൈവസഭയുടെ ഓർഡൈൻഡ് മിനിസ്റ്ററായിരുന്ന ഇദ്ദേഹം ചിക്കാഗോ ഇന്റർനാഷണൽ പെന്തെക്കോസ്തൽ അസംബ്ലിയിലെ സഹശുശ്രൂഷകനായിരുന്നു. ജൂലൈ അഞ്ചിന് മൗണ്ട് പ്രോസ്പെക്ടസിലുള്ള നോർത്ത്-വെസ്റ്റ് എ.ജി.ചർച്ചിൽ പൊതുദർശനത്തിന് വച്ചശേഷം ജൂലൈ 6-ന് നൈൽസിലുള്ള റിഡ്ജ് വുഡ് സെമിത്തേരിയിൽ സംസ്ക്കാരം നടത്തി.

### ജോയി സാം



**ഇളമ്പൽ:** ദൈവസഭാംഗവും കേരളത്തിലെ ആദ്യകാല പെന്തെക്കോസ്ത് കുടുംബാംഗവുമായ ചെറുപ്പള്ളത്ത് ശാരോൺ വീട്ടിൽ ജോയി സാം (59) ജൂൺ 1-ന് നിര്യാതനായി. 22 പ്രാവശ്യം ബൈബിൾ വായിക്കുകയും, 35,000 സ്തോത്രം എണ്ണി അർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓവർസിയർ പാസ്റ്റർ പി.ജെ.ജയിംസ്, പാസ്റ്റർ പി.ജി.മാത്യൂസ്, പാസ്റ്റർ പി.സി.ചെറിയാൻ, പാസ്റ്റർ സണ്ണി ഏബ്രഹാം, പി.വി.ചെറിയാൻ, ജേക്കബ് ദാനിയേൽ എന്നിവർ ശുശ്രൂഷിച്ചു. സഭാ പാസ്റ്റർ എ.ജെ.ജോസഫ്, സെക്രട്ടറി ജോൺ മാത്യു എന്നിവർ നേതൃത്വം നൽകി.
ഭാര്യ: ലിസി സാം

### പോൾ എം.മാത്യു



**ന്യൂജേഴ്സി:** പുനലൂരിലെ ആദ്യകാല പെന്തെക്കോസ്ത് വിശ്വാസികളായ പരേതരായ എൻ.കെ. പോൾ-മേഴ്സി ദമ്പതികളുടെ മകൻ കൃപാലയം മിസ്പാ ഭവനിൽ പോൾ എം.മാത്യു (60) ജൂൺ 22-ന് ന്യൂജേഴ്സിയിൽ നിര്യാതനായി. സംസ്ക്കാര ശുശ്രൂഷ ജൂൺ 25-ന് പെന്തെക്കോസ്തൽ ചർച്ച് ഓഫ് ന്യൂ ജേഴ്സിയുടെ നേതൃത്വത്തിൽ മിറ്റുച്യനിലുള്ള ഹിൽസൈഡ് സെമിത്തേരിയിൽ നടത്തി. പാസ്റ്റർ ജിജി വർഗീസ് അദ്ധ്യക്ഷത വഹിച്ച ശുശ്രൂഷയിൽ പാസ്റ്റർ റ്റി.ജെ.സാമുവേൽ നേതൃത്വം നൽകി. പാസ്റ്റർ റ്റി.ജെ.സാമുവേലിന്റെ സഹോദരി സൂസമ്മയാണ് ഭാര്യ.
മക്കൾ: മേഴ്സി, മെർലിൻ മരുമകൻ: എബി ഏബ്രഹാം, കൊച്ചുമകൾ മിഖേല.

### പാസ്റ്റർ ജി.ജോവേൽദാസ്



**മധുര:** ദി പെന്തെക്കോസ്ത് മിഷൻ സഭ മധുര സെന്റർ പാസ്റ്ററും കൺവൻഷൻ പ്രസംഗകനുമായ പാസ്റ്റർ ജി.ജോവേൽദാസ് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം ജൂലൈ 9-ന് മധുര സെന്റർ സഭാ ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം തുവരിമാൻ സി.പി.എം.സഭാസെമിത്തേരിയിൽ അസോഷ്യേറ്റ് ഡപ്യൂട്ടി ചീഫ് പാസ്റ്റർ എൻ സ്റ്റീഫന്റെ നേതൃത്വത്തിൽ നടത്തി. കഴിഞ്ഞ 37-ൽപ്പരം വർഷം ബാംഗ്ലൂർ, കട്ടപ്പന, മധുര എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. നാഗർകോവിൽ കുലശേഖരം സ്വദേശിയാണ്.

## പിവൈപിഎ യുകെ& അയർലണ്ട് റീജിയന് പുതിയ നേതൃത്വം

**ലണ്ടൻ:** ഇന്ത്യ പെന്തക്കോസ്തൽ ചർച്ച് യുവജനസംഘടനയായ പിവൈപിഎ യുകെ ആൻഡ് അയർലണ്ട് റീജിയന് പുതിയ നേതൃത്വം. ഐപിസി റീജിയൺ കൺവൻഷന്റെ പ്രത്യേക സമ്മേളനത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ മനേജ് ഏബ്രഹാം (പ്രസിഡന്റ്), സീജോ ജോയി (വൈസ് പ്രസിഡന്റ്) ജോവിൻ ജോർജ് സെക്രട്ടറി എബിൻ ഏബ്രഹാം (ജോയിന്റ് സെക്രട്ടറി) ജോസ് തോമസ് (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.


## വില്പനക്ക്

കുമ്പനാട് ടൗണിൽ വീടു വയ്ക്കുവാൻ പറ്റിയ 5½ സെന്റ് സ്ഥലം വില്പനക്ക്

**ഫോൺ: 09947933433**

ചെന്നൈ – വേളാച്ചേരിയിൽ ആരാധനയ്ക്ക്

## ഐ.പി.സി.ഹോരേബ് വർഷിപ്പ് സെന്റർ



**200ft റോഡ്-വേളാച്ചേരി കാമാക്ഷി ഹോസ്പിറ്റലിന് സമീപം**
**No.73, III St., ശ്രീനഗർ-ചെന്നൈ-600 100**

* ECR റോഡിൽ നിന്ന് - 6km * OMR റോഡിൽ നിന്ന് - 2km
* GST റോഡിൽ നിന്ന് -7KM * Airport-ൽ നിന്നും -8km
* Velachery railway Station-ൽ നിന്ന് 2 ½ km.

മലയാളം ആരാധനക്കും പ്രാർത്ഥനാവശ്യങ്ങൾ, കൗൺസിലിംഗ്, വ്യക്തിഗത സുവിശേഷീകരണം, ബൈബിൾ സ്റ്റഡി മുതലായവക്ക് വിളിക്കുക.

**പാസ്റ്റർ ടി.എസ്.പ്രസാദ് 9444033340**
email: tsprasadh@gmail.com | tsprasadh@yahoo.com

## PRAYER GROUP

*100-ൽപ്പരം പ്രാർത്ഥനാ പോരാളികൾ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. വിശ്വാസത്തോടു കൂടി വിളിക്കുക*

**ARMY OF JESUS PRAYER GROUP**

**PH: 9388877834, 9846821874**

KOTHAMANGALAM, THODUPUZHA, NEDUMBASSERY, UPPUTHARA, ERNAKULAM,etc

## GRACE CONSULTANCY (Regd)

Kerala: 9947118722, 9495834792
AP: 040-24021981, 09032673083, 08374423010

റാഗിംഗ് ഭയം കൂടാതെ നേഴ്സിംഗ് പഠനം ആഗ്രഹിക്കുന്ന പെൺകുട്ടികളുടെ മാതാപിതാക്കളുടെ ശ്രദ്ധക്ക്:

**അഡ്മിഷൻ നൽകുന്ന സ്ഥാപനങ്ങൾ:**
1. KALANJALI COLLEGE OF NURSING
2. SWAPNA SCHOOL OF NURSING (SWAPNA HOSPITAL)

കഴിഞ്ഞ 32 വർഷമായി ഹൈദരാബാദിൽ സ്ഥിരതാമസവും അനേക നേഴ്സിംഗ് സ്കൂളുകളിലെ കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കയും ചെയ്യുന്ന പാസ്റ്റർ ബാബു രാജൻ അഡ്മിനിസ്ട്രേറ്ററായി നടത്തുന്ന കലാഞ്ജലി കോളജ് ഓഫ് നേഴ്സിംഗ്, സ്വപ്ന സ്കൂൾ ഓഫ് നേഴ്സിംഗ് എന്നീ സ്ഥാപനങ്ങളിൽ അഡ്മിഷന് താത്പര്യമുള്ളവർ ബന്ധപ്പെടുക.

Engineering പഠനം ആഗ്രഹിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കുറഞ്ഞ ഫീസിൽ, എല്ലാ അംഗീകാരങ്ങളുമുള്ള Engineering College-ൽ അഡ്മിഷൻ നൽകപ്പെടുന്നു. IBM അംഗീകാരമുള്ള AP യിലെ ഏക ഇൻസ്റ്റിറ്റ്യൂഷനിലും, 100% placement ഉള്ളതുമായ എഞ്ചിനിയറിംഗ് കോളജിലും, പെൺകുട്ടികൾക്ക് മാത്രമുള്ള എഞ്ചിനിയറിംഗ് കോളജിലും അഡ്മിഷൻ നൽകപ്പെടുന്നു.

1. Dhruva Engineering Institution 2. Netaji Engineering Institution 3. Noble Engineering Institution.

NB: നേഴ്സിംഗ് സംബന്ധമായ എല്ലാ സർട്ടിഫിക്കറ്റുകളും ഉത്തരവാദിത്വത്തോടുകൂടി ചെയ്തു കൊടുക്കും.

Address: N. Babu Rajan, H.No. 3-10-425, G.J. colony, LB Nagar P.O., Hyderabad - 74

അനവധി ഈടുറ്റ ഗ്രന്ഥങ്ങൾ ക്രൈസ്തവ കൈരളിക്ക് സംഭാവനചെയ്ത ഇന്ത്യയിലെ പ്രസിദ്ധ ക്രൈസ്തവ പ്രസാധകരായ ജി. എൽ. എസ്സിൽ നിന്നും മഹത്തായ ഒരു ഗ്രന്ഥംകൂടി

ജെ. സി ദേവിന്റെ പ്രസിദ്ധമായ ക്രൈസ്തവ സഭ ഇരുപതു നൂറ്റാണ്ടുകളിലൂടെ എന്ന ഗ്രന്ഥം നവീകരിച്ചും വിപുലീകരിച്ചും

"ആഗോള ക്രൈസ്തവ സഭ നൂറ്റാണ്ടുകളിലൂടെ"

എന്നപേരിൽ പ്രസിദ്ധീകരിക്കുന്നു



1/4 ക്രൗൺ വലിപ്പം
1000 ൽ അധികം പേജുകൾ
400 ൽ അധികം ചിത്രങ്ങൾ
ഹാർഡ് ബൗണ്ട് മൾട്ടികളർ കവർ
മികവാർന്ന അച്ചടി

പ്രീ പബ്ലിക്കേഷൻ ബുക്കിംഗ് അവസാന തീയതി
2013 സെപ്റ്റംബർ 30

മുഖവില ₹ 1000/–

പ്രീ പബ്ലിക്കേഷൻ വില ₹ 650/–



J.C.Dev

GLS Since 1946

GLS-ൽ നേരിട്ടുബന്ധപ്പെട്ടോ, അംഗീകൃത ഏജന്റൻമാർ മുഖേനയോ പ്രീ പബ്ലിക്കേഷൻ നിരക്കിൽ ബുക്ക് ചെയ്യാവുന്നതാണ്. പുസ്തകം അതാത് ബുക്കിംഗ് കേന്ദ്രങ്ങളിൽ നിന്നുതന്നെ വാങ്ങേണ്ടതാണ്. തപാലിൽ ബുക്ക് ചെയ്യുന്നവർ ഈ തുക MO/DD ആയി Gospel Literature Service ന്റെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയച്ച് തരിക. മേൽവിലാസവും, ഫോൺ നമ്പരും കൃത്യമായി എഴുതിയിരിക്കണം. തപാലിലോ കൊറിയറിലോ ലഭിക്കേണ്ടവർ 50 രൂപ അധികമായി അയയ്ക്കേണ്ടതാണ്.

GLS Publishing, MGM Towers,Opp. K. S. R. T. C., , Pathanamthitta, Kerala - 689 645
Tel : 0468 2221248, Mob : 9847073050, 9947084340, 9447457837
email : glskerala@sify.com.

## വീട്ടമ്മമാർക്ക് ഒരു സന്തോഷവാർത്ത

വൃത്തിയുള്ള അടുക്കള
വെടിപ്പുള്ള ഭവനം

**CLEAN & BRIGHT**
LIQUID SOAP

**KOTTAYAM - 686521**



കഴിഞ്ഞ ഒൻപതു വർഷങ്ങളായി ഉപഭോക്താക്കളിൽ നൂറു ശതമാനം ജനസമ്മിതി നേടിയിട്ടുള്ളതും ഒരിക്കൽ ഉപയോഗിച്ചവർ വീണ്ടും വീണ്ടും ചോദിച്ചു വാങ്ങുന്നതും ലോകോത്തര ഗുണനിലവാരം പുലർത്തുന്നതും അലർജി നിമിത്തം യാതൊരുസോപ്പുല്പന്നങ്ങളും ഉപയോഗിക്കുവാൻ പാടില്ലാത്തവർ തിരഞ്ഞെടുക്കുന്നതുമായ **ക്ലീൻ ആന്റ് ബ്രൈറ്റ് സോപ്പ് ലിക്വഡ്** അയൽവീടുകൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക. ഉയർന്ന കമ്മീഷൻ നൽകുന്നു. ഗുണത്തിൽ മെച്ചം വിലയിൽ തുച്ഛം.

**ശുശ്രൂഷകന്മാരുടെ ശ്രദ്ധക്ക്: സഭകളിൽ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന സഹോദരീസഹോദരന്മാർക്കു വേണ്ടി ധൈര്യമായി ശുപാർശ ചെയ്യാവുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക് :9495509822

# ഹാലേലൂയ്യ matrimony

**മക്കളുടെ വിവാഹത്തിന് ഒരു ടെലിഫോൺ കോളും 500 രൂപയും**

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**

Every good gift and every perfect gift is from above, coming down from the *Father of lights*

**GRACE Visual media** Since : 1988

make your dream reality

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,Advertising, Fashion Photography, Cinimatography, Video Album Direction & Event plus...Tension free events...

Direction: HEBORN DAVID (sabu)
Grace Visual Media Shoranur, palakkad Dt., Kerala, S- India
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com

HIGH DEFINITION PHOTOGRAPHY & VIDEO GRAPHY

---

Pentecostal parents settled in UK invite proposal for their son 26 years 5.6', fair & handsom. He was born in Gulf & brought-up until 12th in Kuwait and later till to-day in UK. He speaks & understand Malayalam. He has Degree in Aerospace Engineering from reputed University in UK. Still parents are working and very good financial back ground. His older sister Ph.D holder married and settled. We prefer proposals from US, please respond with full bio-data & recent photograph to: shaloma25@yahoo.com
**Telephone : Land : 0044 1142401618**
**Cell :+07932310265**

---

31 year old, 5.2" Pentecostal girl Born again and baptised. Working as a staff nurse in uk. Holding family status, Seeks suitable proposals from pentacostal parents.
**binnyh@gmail.com**

---

പെന്തെക്കോസ്ത് യുവാവ് 30, 168 സെമീ, സുവിശേഷകൻ, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**8547403207**

---

Pentecostal parents inviting proposals for their daughter 25½, 5'3", fair, spirit filled, B.Sc.Nurse 3½ years, seeking proposals from parents of educationally qualified boys with spiritual and moral values.
**9400529086, 9447974015**
**rexwilson10@gmail.com**

---

North Indian cultured Kerala Pentecostal boy (MBA, 32) settled in UP, seeks alliance from North Indian cultured Pentecostal girls (teachers/ Nurses preferred) who like to settle in North India.
**08272 891016, 08439656757**

---

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് ദൈവകൃപയിൽ നില്ക്കുന്ന സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 28, 165 സെമീ ഉയരം, വെളുത്ത നിറം, B.Sc Nurse, Saudi Arabia-യിൽ ജോലി ചെയ്യുന്നു. ഇപ്പോൾ നാട്ടിലുണ്ട്. I.E.L.T.S.ന് പഠിക്കുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9495509325, 04734-254136**

---

Proposals for Born-again 33 yr old, 6ft, fair and handsome young man. Born in India and brought up in USA. He speaks and understands Malayalam. He is currently working full time as a Lead Loan Advocate at a reputable financial institution. He completed his electrical engineering (Associates Degree) and is currently completing his second degree in Business Management w/minor in Small Business Entrepreneurship. We are seeking a spiritual life partner, one who loves the Lord, is intelligent, values family, and has good morals. If this proposal interests you, please respond to us with full bio-data and recent photo to
**pentecostalproposals@gmail.com**

---

Pentecostal parents settled in North India invite proposals for their daughter (Date of birth 13.5.1985) 5'4" born again, M.Sc Nursing from Pune, working as an assistant Professor from parents of qualified & employed boys in India or abroad.
**Phone: 09425646554,**
**email: coolijeff74@gmail.com**

---

പെന്തെക്കോസ്ത് യുവതി 29, 162 സെമി, മിഡിൽക്ലാസ് ഫാമിലി, എം.ഡിവ്, നാലു ഭാഷകൾ കൈകാര്യം ചെയ്യും. സുവിശേഷവേലയ്ക്ക് താല്പര്യമുള്ള പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
**9846612245, 9447368710**

---

മാർത്തോമ്മ വിഭാഗത്തിൽ നിന്നും വിശ്വാസത്തിൽ വന്ന പെന്തെക്കോസ് യുവതി 24, 155 സെമീ, B.Com, Travel & Tourism & IATA ഇപ്പോൾ മസ്കറ്റിൽ ജോലി ചെയ്യുന്നു. ഈ മാസം 25-ന് നാട്ടിലെത്തുന്നു. അനുയോജ്യമായ (ജോലിയുള്ള) പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**0479-2351478, 9495269448, 00968 -99350313**
**mammengilead@gmail.com**

---

Syrian Christian Pentecostal parents invite proposals for their daughter 29/164cm, B.Sc.MLT, working in Gulf (Oman) from employed, professionally qualified boys in India or abroad.
**9388553490, 9747765539**

---

തിരുവല്ല ഐ.പി.സി.പ്രയർ സെന്റർ സഭയുടെ അസിസ്റ്റന്റ് പാസ്റ്റർ 27, 5'7", +2, ബൈബിൾ കോളജ് പഠനം, ഹൈന്ദവ നായർ വിഭാഗത്തിൽ നിന്ന് വിശ്വാസത്തിലേക്ക് വന്ന കുടുംബം. ദൈവകൃപയും സുവിശേഷവേലക്ക് താത്പര്യവുമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9947370883**

---

പെന്തെക്കോസ്ത് യുവാവ് 33, 5'5, +2, Diploma in Mission, BTh, BA in Ministry. സുവിശേഷകൻ. പ്രൊഫഷണൽ വിദ്യാഭ്യാസം (Nursing/Engineering) ഉള്ളതും സുവിശേഷവേലക്ക് സമർപ്പണമുള്ളവരുമായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09847683343**
**Email & facebook - rajeshre1979@gmail.com**

---

## തിരുവനന്തപുരത്ത് സെല്ലാറുകൾ വില്പനക്ക്

തിരുവനന്തപുരത്ത് നെട്ടയം മലമുകളിൽ 12 അടി വഴി frontage ഉള്ള സെല്ലാറുകൾ (കല്ലറകൾ) വില്പനക്ക്.
**ഫോൺ: 8714229702, 8547702705**

---

## കുമ്പനാട്ട് സ്ഥലം വാങ്ങുന്നതിനും വില്ക്കുന്നതിനും

കുമ്പനാട്ടും പരിസരങ്ങളിലും സ്ഥലവും വീടും വാങ്ങുന്നതിനും വില്ക്കുന്നതിനും ബന്ധപ്പെടുക.
**ഫോൺ: 09947933433**

---

## കോയമ്പത്തൂരിൽ ആത്മീയ ആരാധന

(IPC, CHAVADY)

**സ്ഥലം:** പാലക്കാട്-കോയമ്പത്തൂർ റൂട്ടിൽ കെ.കെ. ചാവടിക്ക് സമീപം
*സമയം:* ആരാധന (ഞായർ 10.00 – 12.30), ഉപവാസ പ്രാർത്ഥന (വെള്ളി 10.30–1.00)
കൂടാതെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള കൗൺസലിംഗ്, പ്രാർത്ഥന എന്നിവയും നടത്തപ്പെടുന്നു.
**Pr.J.Johnson/Ph:9751599201**
**email: knowword@gmail.com**

---

## ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്

- 'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
- 'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
- 'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ

**IPC SHALOM FELLOWSHIP**
*real pentecostals*

എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.

ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.

Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

---

മണിമലയാറിന്റെ തീരത്ത് ആത്മീയ ആരാധനക്ക്

21-ാം വർഷം

## ഐ.പി.സി ബഥേൽ വർഷിപ്പ് സെന്റർ

ലയൺസ് ക്ലബിന് സമീപം, മണിമല



കൃപാവരശുശ്രൂഷകൻ
**പാസ്റ്റർ സജി പി എബ്രഹാം (കാനം സജി)**
നേതൃത്വം നൽകുന്നു. ഫോൺ: **9846184544**

ആരാധന: ഞായർ 10.00-1.00
സണ്ടേസ്കൂൾ 9.00-10.00
ഉപവാസയോഗം: വെള്ളി 10.30-1.00


**ആരാധന–വിടുതൽ–ദൈവീക ആലോചന**

---

## INTERNATIONAL REVIVAL CHURCH, TORONTO

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9

*Sunday Worship Service:*
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



*Pastor John Thomas (647) 833 9744*
pastorjt@irctoronto.com Web:**www.irctoronto.com**

WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.

---

# മംഗലാപുരത്ത് മികച്ച സ്ഥാപനങ്ങളിൽ മിതമായ ഫീസിൽ അഡ്മിഷൻ



**MBBS | BDS**
**BBA | MCA | MBA**
**PHARMACY**
**ENGINEERING**
**NURSING**
**OPTOMETRY, SPEECH & HEARING**
**RESPIRATORY THERAPY, BSC MLT**
**RENAL DIALYSIS, POLYTECHNIC**
**PERFUSION TECHNOLOGY Etc.**

ഫിസിക്സ്, കെമിസ്ട്രി, മാത്സ് എന്നീ വിഷയങ്ങൾക്ക് 45% മാർക്ക് ഉള്ളവർക്ക് എൻജിനീയറിംഗിന് അപേക്ഷിക്കാം. എൻട്രൻസ് ബാധകമല്ല. പാരാമെഡിക്കൽ കോഴ്സുകൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് 50% മാർക്ക് നേടിയിരിക്കണം. നഴ്സിംഗ്, ഫാം.ഡി, ബി.ഫാം, എം.എൽ.ടി, പെർഫ്യൂഷൻ, കാർഡിയോ വാസ്കുലർ, ബി.പി.റ്റി, സ്പീച്ച് & ഹീയറിംഗ്, റേഡിയോളജി, ഒപ്ടോമെട്രി തുടങ്ങിയ കോഴ്സുകളിലേയ്ക്കാണ് പ്രവേശനം. താത്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുമായി മാതാപിതാക്കളോടൊപ്പം നേരിട്ട് ബന്ധപ്പെടുക.

**CAREER EDUCATION** WHERE EDUCATION HAS A NEW DIMENSION

Call @ **9947963438 9847170530**

**1st Floor, Amprayil Bldgs, YMCA Jn. THIRUVALLA**

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. KL/KTM/209/2012-14
Licence No. KL/CR/KTM/WPP-28/2012-14
Licensed to Post without Prepayment
Posted on 15st July 2013 at RMS Kottayam




# ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി 45 വർഷം പൂർത്തീകരിക്കുന്നു



ന്യൂയോർക്ക്: നോർത്ത് അമേരിക്കയിലെ ആദ്യത്തെ മലയാളി പെന്തെക്കോസ്ത് സഭയും ഐ.പി.സി.ഈസ്റ്റേൺ റീജിയനിലെ പ്രമുഖസഭകളിലൊന്നുമായ ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി പ്രവർത്തനം ആരംഭിച്ചിട്ട് 45 വർഷം പൂർത്തീകരിക്കുന്നു. 1968 ഫെബ്രുവരി 18-ന് മൻഹാട്ടനിൽ സഹോദരങ്ങൾ ഒരുമിച്ചുകൂടി കൺവൻഷനോട്കൂടി സഭയ്ക്ക് തുടക്കം കുറിച്ചു. ഐ.പി.സി.സഭയുടെ സ്ഥാപകനായ പരേതനായ പാസ്റ്റർ കെ.ഇ.ഏബ്രഹാം സഭ സന്ദർശിച്ച് 1969-ൽ ഐ.പി.സി.യുമായി അഫിലിയേറ്റ് ചെയ്തു. റവ.അച്ചോയി മാത്യൂസ്, റവ. എം.എസ്.സാമുവേൽ, റവ.എ.സി.ജോൺ, റവ. ഉമ്മൻ ഏബ്രഹാം തുടങ്ങിയവർ സഭയുടെ പ്രാരംഭകാല ശുശ്രൂഷകന്മാരായിരുന്നു. ജോൺ സി.ദാനിയേൽ, ഏബ്രഹാം സാമുവേൽ, മാത്യു ജോർജ്ജ്, തോമസ് പുഷ്പമംഗലം തുടങ്ങിയവർ ആരംഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ഇന്ന് കേരളത്തിലും ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിലുമായി ജീവകാരുണ്യ പ്രേഷിത പ്രവർത്തന പദ്ധതികൾ സഭ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നു. 110 കുടുംബങ്ങളിൽ നിന്നായി 400-ലധികം വിശ്വാസികൾ ആരാധനകളിൽ സംബന്ധിക്കുന്നു. റവ.സാമുവേൽ ജോൺ സീനിയർ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. സെക്രട്ടറി ജോർജ്ജ് ഏബ്രഹാം, ട്രഷറാർ സാം ജോൺ, സൺഡേസ്കൂൾ ഡയറക്ടർ മൈക്കിൾ ജോൺസൺ, യൂത്ത് ഡയറക്ടർ സോണിയ സാമുവേൽ, എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ സഭയുടെ ആത്മീയ-ഭൗതിക കാര്യങ്ങൾ പുരോഗമിക്കുന്നു. ജൂലൈ 26-28 വരെ സഭയുടെ റിട്രീറ്റ് മേരി ലാന്റിലുള്ള സാൻഡികോവ് സെന്ററിലും, ആഗസ്റ്റ് 5-9 വരെ കുട്ടികൾക്ക് വേണ്ടിയുള്ള ചിൽഡ്രൻസ് ഫെസ്റ്റും വെക്കേഷണൽ ബൈബിൾ ക്ലാസും സഭാ ഓഡിറ്റോറിയത്തിലും നടക്കും. സഭയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തുന്ന മിഷൻ ട്രിപ്പ് ആഗസ്റ്റ് 9-16 വരെ ട്രിനിഡാഡിലേക്ക് ഉണ്ടായിരിക്കും.













PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.